# ദി ഡിഫെൻഡർ

Vol. No. 7 Issue No. 17 RNI Reg. No. 68089 / 97 Published From Perumbavoor 2004 SEPTEMBER 1

## സർക്കാർ അനുവദിച്ചാൽ ഉടൻ ചാനൽ: കെ.സി.ജോൺ

സർക്കാർ അനുവദിച്ചാലുടൻ ചാനൽ തുടങ്ങുമെന്ന് കെ.സി.ജോൺ പറയുന്നു. അങ്ങനെ പന്ത് ഇപ്പോൾ സർക്കാരിന്റെ കോർട്ടിലാണ്. എപ്പോഴാണാവോ സർക്കാർ അനുവദിക്കുക? അത് പറയാൻ പറ്റില്ല. സർക്കാർ കാര്യമല്ലേ, അത് മുറപോലെ നടക്കും.

നവംബർ ഒന്നിന് രണ്ടു ചാനൽ ആരംഭിക്കും എന്നായിരുന്നു ആദ്യം പറഞ്ഞത്. ഒരെണ്ണം ശുദ്ധ ആത്മീയം. ഇരുപത്തിനാലു മണിക്കൂറും പാട്ട്, പ്രാർത്ഥന, പ്രസംഗം തുടങ്ങിയവ മാത്രം. രണ്ടാമൻ അത്ര ആത്മീയനല്ല. എങ്കിലും അനാത്മീയനുമല്ല. അവനും ഇരുപത്തിനാലു മണിക്കൂർ സേവനം നടത്തും. ഇങ്ങനെയൊക്കെ ആയിരുന്നു പദ്ധതി. പക്ഷേ, വിചാരിച്ചതുപോലെ കാര്യങ്ങൾ നടക്കില്ല എന്ന് ഏറെ താമസിയാതെ മനസ്സിലായി. അതുകൊണ്ട് അനാത്മീയനേക്കുറിച്ച് ഇപ്പോൾ മിണ്ടുന്നില്ല. എന്നാൽ ആത്മീയൻ നവംബർ ഒന്നിന് തീർച്ചയായും അവതരിക്കും എന്ന് ആണയിട്ടു പറഞ്ഞിരുന്നു. കെ.സി.ജോണിന്റെയും മാത്യൂസ് ചാക്കോയുടേയും പദ്ധതി നടപ്പിലാകില്ല എന്ന് ഡിഫെൻഡറും പറഞ്ഞിരുന്നു.

നവംബർ ഒന്നിന് ചാനൽ തുടങ്ങാൻ പറ്റില്ല എന്ന് ഇപ്പോൾ കെ.സി.ജോണിനും കൂട്ടർക്കും മനസ്സിലായിക്കഴിഞ്ഞു. എന്നു തുടങ്ങുമെന്നും പറയാനാവാത്ത സ്ഥിതിയാണ്. ഇനി എന്തു ചെയ്യും? ഡിഫെൻഡർ പറഞ്ഞതാണ് ശരി എന്ന് മാലോകർ പറയും. കെ.സി.ജോണും മാത്യൂസ് ചാക്കോയും ചേർന്ന് ജനത്തെ കബളിപ്പിക്കുകയായിരുന്നു എന്നും തെളിയും. എന്താണ് ഒരു പോംവഴി? അവർ കൂടിയാലോചിച്ചു. ഒടുവിൽ രു പോംവഴി കണ്ടുപിടിച്ചു. സർക്കാരിനെ പഴി പറയുക. നവംബർ ഒന്നിന് ചാനൽ തുടങ്ങാൻ എല്ലാവിധ ഒരുക്കങ്ങളും ചെയ്തതാണ്. പക്ഷേ എന്തു ചെയ്യാം. സർക്കാർ ചതിച്ചു. അനുവാദം കിട്ടിയില്ല. എന്തു ചെയ്യും. വിശ്വാസികൾ മുട്ടിപ്പായി പ്രാർത്ഥിക്കം.

ചാനൽ തുടങ്ങാൻ 25 കോടി രൂപ വേണമെന്ന് കെ.സി.ജോൺ പ്രഖ്യാപിച്ചിട്ടുണ്ട്. തുടങ്ങാൻ ഈ തുക മതിയാകുമെങ്കിലും അത് നടത്തിക്കൊണ്ടു പോകാൻ ഇതിന്റെ ഇരട്ടികൂടിയെങ്കിലും വേണം എന്ന വസ്തുത കെ.സി.ജോണിന് അറിഞ്ഞുകൂടാ. അറിയാമെങ്കിൽ പുറത്ത് പറയുന്നുമില്ല.

തുടങ്ങാൻ വേണ്ട പണത്തിന്റെ നാലിൽ ഒന്നുപോലും നാളിതുവരെ ലഭിച്ചിട്ടില്ല. ഗൾഫിലും അമേരിക്കയിലും ഒക്കെ വ്യാപകമായി പരിവു നടത്തിയിട്ടും കാര്യമായ പ്രയോജനം ഉണ്ടായിട്ടുമില്ല. കേരളത്തിൽ ചില ജില്ലകളിലൊക്കെ മീറ്റിംഗുകൾ നടത്തിയിട്ടും വളരെ ചെറിയ ഒരു സംഖ്യയേ വാഗ്ദാനമായെങ്കിലും ലഭിച്ചിട്ടുമുള്ളു. അതുകൊണ്ട് ചാനൽ സ്വപ്നം നവംബർ ഒന്നിന് പൂവണിയുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല.

കമ്പനിയേക്കുറിച്ച് കെ.സി.ജോണിനോ മാത്യൂസ് ചാക്കോയ്ക്കോ കാര്യമായ അറിവൊന്നും ഇല്ല എന്നതാണ് വസ്തുത. പക്ഷേ, എല്ലാം അറിയാം എന്ന ഭാവത്തിലാണ് ഇവരുടെ പെരുമാറ്റം. കമ്പനിയുടെ പണം തിരിമറി നടത്തിയാൽ കമ്പിയഴി എണ്ണേണ്ടതായി വരും എന്ന് കെ.സി.ജോണും കൂട്ടരും അറിഞ്ഞാൽ നന്ന്.

(കമ്പനി നിയമത്തേക്കുറിച്ച് അറിയുവാൻ ആഗ്രഹിക്കുന്നവർ മൂന്നാം പേജ് നോക്കുക).

## അമേരിക്കൻ ശാരോനിൽ ടി.ജി.കോശിക്ക് തണുപ്പൻ സ്വീകരണം

ടി.ജി.കോശിയുടെ ജീവിതത്തിൽ ഇത്തരം ഒരു അനുഭവം ആദ്യമാണ്. അമേരിക്കക്കാർ ഇങ്ങനെ ചെയ്യുമെന്ന് സ്വപ്നത്തിൽ പോലും കരുതിയിരുന്നില്ല. ആകെ നാണംകെട്ടു എന്നു പറഞ്ഞാൽ മതിയല്ലോ. കഴിഞ്ഞ മാസം അമേരിക്കയിൽ നടന്ന ശാരോൻ കൺവെൻഷന്റെ കാര്യമാണ് പറഞ്ഞു വരുന്നത്.

അമേരിക്കയിലുള്ള ശാരോൻ സഭകൾ കഴിഞ്ഞ ചില വർഷങ്ങളായി ജനറൽ കൺവെൻഷൻ നടത്തുന്നുണ്ട്. ഇത്തരം മീറ്റിംഗുകളിൽ ടി.ജി.കോശി സംബന്ധിക്കുക പതിവുമാണ്. ശാരോൻ പ്രസിഡന്റെന്ന നിലയിൽ ടി.ജി.കോശിക്ക് ഉഗ്രൻ സ്വീകരണം ലഭിക്കുകയും ചെയ്യും. കൺവെൻഷന്റെ അവസാനം നടക്കുന്ന തിരുവത്താഴത്തിന് നേതൃത്വം കൊടുക്കുന്നതും ടി.ജി.കോശി ആയിരിക്കും.

ഇത്തവണയും ഇതൊക്കെത്തന്നെ സംഭവിക്കുമെന്ന് സ്വപ്നം കണ്ടാണ് ടി.ജി.കോശി അമേരിക്കയിലെത്തിയത്. പ്രസിഡന്റെന്ന നിലയിലുള്ള സ്വീകരണമൊന്നും ലഭിക്കാതായപ്പോൾത്തന്നെ എന്തോ പന്തികേടുണ്ടെന്ന് ഊഹിച്ചു. എന്നാൽ മീറ്റിംഗിൽ പ്രസംഗിക്കാൻ അല്പം സമയം കിട്ടിയതോടെ സന്തോഷമായി. പതിവുപോലെ, തിരുവത്താഴം ഉൾപ്പെടെയുള്ള കാര്യങ്ങൾകൂടി നടത്താൻ അവസരം ലഭിക്കും എന്നു കരുതി കാത്തിരുന്നു. പക്ഷേ, ആ പ്രതീക്ഷ നിഷ്ഫലമായി. തിരുവത്താഴം നടത്താൻ ടി.ജി.കോശിക്ക് അമേരിക്കക്കാർ അവസരം നൽകിയില്ല.

ശാരോൻ പ്രസിഡന്റ് സ്ഥലത്തുള്ളപ്പോൾ താരതമ്യേന ജൂനിയറായ പാസ്റ്റർമാർ തിരുവത്താഴം നടത്തിയതെന്തേ? ഉത്തരം വളരെ ലളിതം. ടി.ജി.കോശിയുടെ ശൗര്യം പണ്ടേപ്പോലെ ഫലിക്കുന്നില്ല. അത്ര തന്നെ. ആരും അറിയുന്നില്ല എന്നു കരുതി നടത്തിയിരുന്ന തട്ടിപ്പും വെട്ടിപ്പും അമേരിക്കക്കാരും അറിഞ്ഞിരിക്കുന്നു.

ഈ സംഭവത്തിന്റെ പിന്നിൽ മറ്റൊരു എപ്പിസോഡ് കൂടിയുണ്ട്. അമേരിക്കയിലെ ശാരോൻ സഭകളുടെ നേതൃസ്ഥാനത്തുള്ള പാസ്റ്റർ സി.എം.ടൈറ്റസ് ഏതാനും മാസം മുൻപ് ഇന്ത്യയിൽ വന്നപ്പോൾ അദ്ദേഹത്തെ ടി.ജി.കോശിയും ടി.പി.ഏബ്രഹാമും മറ്റും ചേർന്ന് ഒറ്റപ്പെടുത്തി. കൊടുത്താൽ കൊല്ലത്തു മാത്രമല്ല അമേരിക്കയിലും ഇട്ടും എന്ന് ഇപ്പോൾ മനസ്സിലായി.

## ഡിഫെൻഡറിന് സ്വന്തം പ്രസ്സ്

ഡിഫെൻഡർ ഇപ്പോൾ സ്വന്തം പ്രസ്സിലാണ് അടിയ്ക്കുന്നത്. ഡിഫെൻഡറിന്റെ വളർച്ചയുടെ പാതയിൽ ഒരു നാഴികക്കല്ലുകൂടി പിന്നിടുന്നു. ഡിഫെൻഡർ നിന്നുപോകാനായി ഉപവസിച്ചവർക്കും പ്രാർത്ഥിച്ചവർക്കും നിരാശ മാത്രം ഫലം.

മാസത്തിൽ ഒരിക്കൽ, കേവലം നാലു പേജ് മാത്രം പ്രസിദ്ധീകരിച്ചിരുന്ന ഡിഫെൻഡർ ഇപ്പോൾ രണ്ടാഴ്ചയിൽ ഒരിക്കൽ എട്ടു പേജ് പ്രസിദ്ധീകരിക്കുന്ന നിലയിൽ എത്തിയിരിക്കുന്നു. വരിക്കാരുടെ എണ്ണത്തിലും വലിയ വർദ്ധനവുണ്ടായി. എല്ലാ വിധത്തിലും ഡിഫെൻഡർ വളർന്നുകൊണ്ടിരിക്കുകയാണ്.

ഡിഫെൻഡർ നെരിട്ടതുപോലെയുള്ള പ്രതിസന്ധി മറ്റൊരു പത്രവും നേരിട്ടിട്ടില്ല. സിവിലും ക്രിമിനലുമായി നിരവധി കേസേസുകൾ ഡിഫെൻഡറിനെതിരെ ഉണ്ടായി. ടി.എസ്.ബാലനേയും മകനേയും ഏതാനും ദിവസം ജയിലിൽ ഇടാൻ വരെ സാത്താന് കഴിഞ്ഞു. ഡിഫെൻഡർ ഇനി ഒരിക്കലും തല പൊക്കുകയില്ല എന്ന് മിക്കവരും കരുതി. പക്ഷേ ഒരു ലക്കം പോലും മുടങ്ങാതെ ഡിഫെൻഡർ പ്രസിദ്ധീകരിക്കുവാൻ ദൈവം സഹായിച്ചു.

കേസ്സുകൾ ഡിഫെൻഡറിന് ഗുണം ചെയ്തു എന്നതാണ് വസ്തുത. കേവലം നാലു പേജ് മാത്രം ഉണ്ടായിരുന്ന ഡിഫെൻഡർ പതിനാറു പേജുള്ള പത്രമായി വളർന്നത് കേസ്സ് ഉണ്ടായതിനു ശേഷമാണ്. വരിക്കാരുടെ എണ്ണത്തിൽ അഭൂതപൂർവ്വമായ വർദ്ധനവ് ഉണ്ടായതും കേസ്സിനു ശേഷം തന്നെ. ഒരു പത്രത്തോട് ഇത്രയധികം എതിർപ്പ് ഉണ്ടാകുന്നുണ്ടെങ്കിൽ തക്ക കാരണവും ഉണ്ടാകുമെന്ന് ജനം മനസ്സിലാക്കി. അങ്ങനെയാണ് പൊതുജനം ഡിഫെൻഡർ വായിക്കാൻ തുടങ്ങിയത്.

ഏറെ പ്രത്യേകതകളുള്ള പത്രമാണ് ഡിഫെൻഡർ. പേര് സൂചിപ്പിക്കുന്നതുപോലെ ദുരുപദേശങ്ങൾക്കും ദുർന്നടപടികൾക്കും എതിരെ ശക്തമായ നിലപാടെടുക്കുന്ന പത്രമാണ് ഡിഫെൻഡർ. മുഖപക്ഷമില്ലാതെ എവുതുന്ന കാര്യത്തിലും ഡിഫെൻഡർ ഒന്നാം സ്ഥാനത്താണ്. എത്ര വലിയവനെ എതിർക്കാനും ഡിഫെൻഡറിന് ഭയമില്ല. ആരൊക്കെ പിണങ്ങിയാലും ഡിഫെൻഡർ സത്യം പറയും. മറ്റൊരു പെന്തക്കോസ്ത് പത്രത്തിനും അവകാശപ്പെടാനാവാത്ത പ്രത്യേകതയാണിത്.

ഒന്നാം ലക്കം മുതൽ ഡിഫെൻഡർ സ്വന്തം കമ്പ്യൂട്ടറിലാണ് കമ്പോസ് ചെയ്യുന്നത്. പത്രാധിപർ തന്നെ കമ്പോസിംഗ് നടത്തുന്ന ഏക പെന്തക്കോസ്ത് പത്രവും ഡിഫെൻഡറാണ്.

കൺവെൻഷൻ, മാസയോഗം, നേതാക്കൻമാരുടെ പ്രസ്താവനകൾ തുടങ്ങിയതൊന്നും ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കാറില്ല. വായനക്കാർക്ക് ഒരു ഗുണവും ചെയ്യാത്ത ഇത്തരം വാർത്തകൾ കൂടാതെ പെന്തക്കോസ്ത് പത്രം ഇറക്കാം എന്ന് ഡിഫെൻഡർ തെളിയിച്ച്രിക്കയാണ്.

രണ്ടാഴ്ചയിൽ ഒരിക്കൽ എട്ടു പേജ് പ്രസിദ്ധീകരിക്കുന്ന പത്രമായിട്ടും ഡിഫെൻഡറിന് ഓഫീസോ സ്റ്റാഫോ നാളിതുവരെ ഇല്ലായിരുന്നു എന്നതും ശ്രദ്ധേയമാണ്. പ്രവർത്തനച്ചെലവ് പരമാവധി കുറയ്ക്കാൻ ഇത് ഏറെ സഹായകമായി. (ഇപ്പോൾ പ്രസ്സിന്റെ ഓഫീസ് ഡിഫെൻഡിന്റെ ഓഫീസായി പ്രവർത്തിക്കുന്നു).

മിക്ക പെന്തക്കോസ്ത് പത്രവും വിദേശത്തേക്ക് അയക്കുന്നുണ്ട്. ഡിഫെൻഡറിനും വിദേശ വരിക്കാരുണ്ട്. എങ്കിലും മറ്റൊരു പത്രത്തിനും ഈമെയിൽ വരിക്കാരില്ല. പത്രം പോസ്റ്റിലൂടെ വിദേശത്ത് എത്തിക്കുന്നതിലും കുറഞ്ഞ ചെലവിൽ ഈമെയിലിലൂടെ നൽകാൻ കഴിയും. നൂറു കണക്കിന് വരിക്കാർ ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നു.

പെന്തക്കോസ്തിലെ കള്ളൻമാരുടെ പേടിസ്വപ്നമാണ് ഡിഫെൻഡർ. അതുകൊണ്ടാണ് ഡിഫെൻഡറിനെ തകർക്കാൻ സകല കള്ളൻമാരുംകൂടി ഒന്നുചേർന്ന് പ്രവർത്തിക്കുന്നത്. പരസ്പരം കണ്ടാൽ മിണ്ടുകപോലുമില്ലായിരുന്ന പെന്തക്കോസ്ത് നേതാക്കൻമാർക്ക് ഇപ്പോൾ ഒരു പൊതുവേദി ഉണ്ടായതിന്റെ പിന്നിലും ഡിഫെൻഡർ എന്ന പൊതു ശത്രു ഉണ്ട്. അവർ ഒന്നുചേർന്ന് എതിർത്തിട്ടും ഡിഫെൻഡർ തകർന്നില്ല എന്നത് ചെറിയ കാര്യമല്ല.

കേസ്സുകൾ, ഒറ്റപ്പെടുത്തൽ, അപവാദ പ്രചരണം തുടങ്ങിയവകൊണ്ടൊന്നും ഡിഫെൻഡറിനെ ഒതുക്കാൻ ആവില്ലെന്ന് അനുഭവം തെളിയിച്ചിരിക്കയാണ്. ദൈവകരം ഡിഫെൻഡറിന് അനുകൂലമാണ് എന്നതു തന്നെ കാരണം. ഡിഫെൻഡർ കമ്പോസ് ചെയ്യാൻ ഉപയോഗിച്ചിരുന്ന കമ്പ്യൂട്ടർ പോലും പോലീസ് കൊണ്ടുപോയി. ഇത്തരം ഒരു പ്രതികൂലം ഒരു പെന്തക്കോസ്ത് പത്രവും അഭിമുഖീകരിച്ചിട്ടില്ലെന്ന് തീർത്തു പറയാം. എന്നിട്ടും ഡിഫെൻഡർ ഒരു ലക്കം പോലും മുടങ്ങിയില്ല. ദൈവകരം അനുകൂലമായിരുന്നതുകൊണ്ടു മാത്രമാണ് ഇത്തരം ഒരു പ്രതികൂലത്തിൽ പിടിച്ചു നിൽക്കാൻ കഴിഞ്ഞത്. ഡിഫെൻഡറിന് സ്വന്തം പ്രസ്സ് ഉണ്ടായതിന്റെ പിന്നിലും ദൈവകരമാണ് പ്രവർത്തിച്ചിരിക്കുന്നത്.

ഡബിൾ ഫൂൾസ്ക്കാപ്പ് സൈസ് വരെ പ്രിന്റ് ചെയ്യാൻ കഴിയുന്ന ഓഫ്സെറ്റ് പ്രസ്സാണ് കർത്താവ് ഡിഫെന്ററിന് നൽകിയിരിക്കുന്നത്. ഡിഫെൻഡറിനേക്കാൾ വലിപ്പമുള്ള മാറ്ററും ഈ പ്രസ്സിൽ അടിക്കാം. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചിക്കുന്നതിനാൽ മൾട്ടി കളർ പ്രിന്റിംഗും സാദ്ധ്യമാണ്. സുവിശേഷപ്രവർത്തന രംഗത്ത് ആവശ്യമായ എല്ലാ അച്ചടിജോലികളും ഈ പ്രസ്സിൽ നടത്താൻ കഴിയും.

ആത്മീയ വിഷയങ്ങൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണങ്ങൾക്ക് പ്രത്യേക പരിഗണന ഈ പ്രസ്സിൽ ലഭിക്കും. അതുകൊണ്ട് കഴിയുന്നത്ര കുറഞ്ഞ നിരക്കിൽ പത്ര മാസികകളും പുസ്തകങ്ങളും മറ്റും അച്ചടിച്ച് നൽകുന്നതാണ്. ക്രിസ്തീയ പ്രസാധാകർക്കും എഴുത്തുകാർക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താം. വിദേശത്തുള്ളവർ പത്രമാസികകൾ, പുസ്തകങ്ങൾ തുടങ്ങിയവയുടെ കൈയ്യെഴുത്തു പ്രതി അയച്ചു തന്നാൽ അവ എഡിറ്റ് ചെയ്ത് അച്ചടിച്ച് വിദേശത്ത് എത്തിച്ചു കൊടുക്കുന്നതിനുള്ള സജ്ജീകരണങ്ങളും ഇവിടെയുണ്ട്. മറുനാടൻ മലയാളികൾക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്.

ദി ഡിഫെൻഡർ
Vol. No.7 Issue No. 17 2004 September 1

# പണപ്പെരുപ്പം നിയന്ത്രിച്ചില്ലെങ്കിൽ

പണപ്പെരുപ്പം മുൻകാല റിക്കാഡുകൾ ഭേദിച്ചു നിൽക്കുന്ന സമയമാണിത്. പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവ് തുടർന്നാൽ ഉടനെയൊന്നും ഈ സ്ഥിതിക്ക് മാറ്റമുണ്ടാകുമെന്നും തോന്നുന്നില്ല. അപകടകരമായ ഒരു സ്ഥിതിവിശേഷമാണിത് എന്നതിന് സംശയമില്ല.

പണപ്പെരുപ്പമേ ഉണ്ടാകാൻ പാടില്ല എന്ന് സാമ്പത്തിക ശാസ്ത്രജ്ഞർ ശഠിക്കുന്നില്ല. ചെറിയ തോതിലുള്ള പണപ്പെരുപ്പം ആവശ്യമാണെന്നതും സത്യം തന്നെ. പക്ഷേ, ഇന്നത്തെ സ്ഥിതി അതല്ല. ആർക്കും നിയന്ത്രിക്കാനാവാത്ത നിരക്കിലാണ് ഇന്ന് പണപ്പെരുപ്പമുണ്ടാകുന്നത്.

ഒന്നാം ലോക മഹായുദ്ധത്തിനു ശേഷമുള്ള ഒരു ദശാബ്ദം സാമ്പത്തിക മാന്ദ്യത്തിന്റേതായിരുന്നു. അക്കാലത്ത് മിക്ക ലോകരാഷ്ട്രങ്ങളും പണപ്പെരുപ്പത്തിന്റെ തിക്തഫലങ്ങൾ രുചിച്ചറിഞ്ഞു. തപാൽ മുദ്ര പതിച്ച ഒരു കടലാസിന് ഒരു ജർമ്മൻ മാർക്കിനേക്കാൾ വിലയുണ്ടായിരുന്നു എന്ന് പറയപ്പെടുന്നു. ഹിറ്റ്ലറേപ്പോലൊരു ഏകാധിപതി ഉയർന്നു വരുവാൻ വഴിവെച്ചതും ഇതൊക്കെത്തന്നെ.

അഞ്ചു രൂപയ്ക്ക് ഒരു ചാക്ക് അരി ലഭിച്ചിരുന്ന കാലത്തേക്കുറിച്ച് കാരണവൻമാർ ഇപ്പോഴും പറയാറുണ്ട്. ഇന്നത്തെ സ്ഥിതി വെച്ച് വിലയിരുത്തുമ്പോൾ അഞ്ചു രൂപ എന്നത് വളരെ ചെറിയ തുകയായി തോന്നാം. പക്ഷേ, അക്കാലത്ത് ഒരു സാധാരണക്കാരൻ ഒരു മാസം ജോലി ചെയ്താൽ അഞ്ചു രൂപ ശമ്പളമായി ലഭിക്കുമായിരുന്നില്ല എന്നുകൂടി ഓർക്കണം. അങ്ങനെ നോക്കുമ്പോൾ ഇന്നത്തെ സ്ഥിതി അത്ര മോശമല്ല എന്ന് സമ്മതിക്കേണ്ടതായി വരും. ചില ആദിവാസി മേഖലകളിലും ഒറ്റപ്പെട്ട ചില പ്രദേശങ്ങല്ലും ഒഴികെ എങ്ങും ഇപ്പോൾ ഭക്ഷ്യക്ഷാമം ഇല്ല. രണ്ടു ദശാബ്ദം മുൻപുവരെ റേഷൻ കടകളുടേയും മാവേലി സ്റ്റോറുകളുടേയും മുൻപിൽ നീണ്ട ക്യൂ കാണാമായിരുന്നു. പക്ഷേ, ഇപ്പോൾ റേഷനരി വാങ്ങുന്നവർ വളരെ കുറവാണ്.

ഇന്ത്യയുടെ സാമ്പത്തിക സ്ഥിതി ഇപ്പോൾ അത്ര മോശമാണെന്ന് പറയാനാവില്ല. കുറെ ദോഷവശങ്ങളൊക്കെയുണ്ടെങ്കിലും ഉദാര വത്ക്കരണവും മുതലാളിത്ത വ്യവസ്ഥിതിയിയോടുള്ള മമതയും ഇന്ത്യയുടെ സാമ്പത്തിക വളർച്ചയ്ക്ക് കാരണമായി എന്നത് ഒരു വസ്തുതയാണ്. പക്ഷേ, പണപ്പെരുപ്പത്തിന്റെ തോത് നിയന്ത്രിച്ചില്ലെങ്കിൽ അത് എല്ലാ കണക്കു കൂട്ടലുകളേയും തകിടം മറിക്കും. ബാങ്കിൽ നിന്നും ലഭിക്കുന്ന പലിശയേക്കാൾ അധികമാണ് പണപ്പെരുപ്പമെങ്കിൽ ബാങ്കിൽ പണം നിക്ഷേപിക്കുവാൻ മിക്കവരും തയ്യാറാകില്ല. നിക്ഷേപത്തിലുണ്ടാകുന്ന കുറവ് ബാങ്കുകളുടെ പ്രവർത്തനത്തെ താറുമാറാക്കും. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നതിനനുസൃതമായി ശമ്പളം ലഭിച്ചില്ലെങ്കിൽ സാധാരണക്കാരന്റെ കുടുംബ ബജറ്റും തകരും. ആകയാൽ ദീർഘവീക്ഷണത്തോടെയുള്ള സാമ്പത്തികാസൂത്രണംവഴി പണപ്പെരുപ്പത്തിന്റെ തോത് സർക്കാർ നിയന്ത്രിക്കണം.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ചാൽ പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:

എഡിറ്റർ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ. 683542

# സത്യം സത്യമായി

മുഹമ്മദ് ബിൻ തുഗ്ലക് എന്നൊരു ചക്രവർത്തി പണ്ട് ഇന്ത്യ ഭരിച്ചിരുന്നു. അദ്ദേഹത്തിന് തന്റെ പ്രജകളോട് വലിയ സ്നേഹവുമായിരുന്നു. പ്രജകളുടെ ദു:ഖം സ്വന്തം ദു:ഖമായി അദ്ദേഹം കണക്കാക്കിവന്നു. അങ്ങനെ കാര്യങ്ങൾ പുരോഗമിക്കുന്നതിനിടയിൽ അദ്ദേഹത്തിന് ഒരു ആഗ്രഹം: സാമ്രാജ്യ ത്തിന്റെ തലസ്ഥാനം ഡൽഹിയിൽ നിന്ന് ദേവഗിരിയിലേക്ക് മാറ്റണം. തിരുവായ്ക്ക് എതിർവായ് ഇല്ലല്ലോ. അങ്ങനെ, തലസ്ഥാന നഗരിക്ക് യോജിച്ച വിധത്തിൽ ദേവഗിരി അണിഞ്ഞൊരുങ്ങി. കൊട്ടാരങ്ങളും മറ്റു കെട്ടിടങ്ങളും ഒക്കെ അവിടെയുണ്ടാക്കി. കുറച്ചധികം പണം ആ വകയിൽ പൊടിച്ചു.

എല്ലാം തയ്യാറായിക്കഴിഞ്ഞപ്പോൾ ചക്രവർത്തിയുടെ പ്രജാസ്നേഹം കരകഴിഞ്ഞൊഴുകി. ഇത്രക്കാലവും തന്നോടൊപ്പം കഴിഞ്ഞ ഡൽഹി നിവാസികളെ ഉപേക്ഷിച്ച് ദേവഗിരിയിലേക്കു പോകുന്നത് ശരിയല്ല. അവരേക്കൂടി ദേവഗിരിക്ക് കൊണ്ടുപോകണം. ഉടൻ ഉത്തരവിറക്കി: ഡൽഹി നിവാസി കൾ ഒന്നടങ്കം ദേവഗിരിക്ക് പുറപ്പെട്ടുകൊള്ളുക. അനുസരിക്കാതെ പറ്റില്ലല്ലോ. അതുകൊണ്ട് കുഞ്ഞുകുട്ടി പരാദീനങ്ങളും കന്നുകാലികളും ഇതര ജംഗമ സ്വത്തുക്കളും എടുത്തുകൊണ്ട് പ്രജകൾ ദേവഗിരിക്ക് തിരിച്ചു. അക്കാലത്ത് ഇന്നത്തേപ്പോലെ വണ്ടീം വള്ളേം ഇല്ലല്ലോ. അതുകൊണ്ട് ജനം ശരിക്കും വലഞ്ഞു. നിരവധി ആളുകൾ വഴിയിൽ മരിച്ചുവീണു. ബാക്കിയുള്ളവർ വളരെ കഷ്ടനഷ്ടങ്ങൾ സഹിച്ച് ദേവ ഗിരിയിൽ എത്തി.

പ്രജകൾക്കുണ്ടായ കഷ്ടപ്പാടുകളേക്കുറിച്ച് ഏറെ താമസിയാതെ ചക്രവർത്തി അറിഞ്ഞു. അദ്ദേഹത്തിന് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. ഉടൻ പുതിയ ഉത്തരവിറങ്ങി. പ്രജകൾ ഡൽഹിയിലേക്ക് മടങ്ങി പൊയ്ക്കൊള്ളുക. തല സ്ഥാനം മാറ്റുന്നില്ല. എന്തിനേറെ പറയുന്നു, മടക്കയാത്രയിലും വളരെപ്പേർ മരിച്ചു. വളരെക്കുറച്ച് ആളുകൾ മാത്രമേ ഡൽഹിയിൽ തിരിച്ചെത്തിയുള്ളൂ.

ഈ കഥ ഇപ്പോൾ പറയാൻ കാരണമുണ്ട്. ആന്റണി സർക്കാരിന്റെ ഭരണവും ഏറെക്കുറെ ഇങ്ങനെതന്നെയാണ്. ഗ്രേഡിംഗ് സമ്പ്രദായവുമായി ബന്ധപ്പെട്ട് എടുത്ത തീരുമാനം തന്നെ നല്ല ഉദാഹരണം. എന്തൊക്കെ കുറ്റവും കുറവും ഉണ്ടാ യിരുന്നെങ്കിലും മാർക്കും റാങ്കും ഒക്കെയായി വിദ്യാർത്ഥികൾ പൊരുത്തപ്പെട്ട് കഴിഞ്ഞു വരികയായിരുന്നു. അതിനിടയിലാണ് ശ്രീമാൻ ഗ്രേഡ് എത്തിയത്. ഗ്രേഡെങ്കിൽ ഗ്രേഡ് എന്നു തീരുമാനിച്ച് പൂർവ്വാധികം ഉഷാറായി വിദ്യാർത്ഥികൾ പഠനം നടത്തുന്ന തിനിടയിൽ, യാതൊരു മുന്നറിയിപ്പും കൂടാതെ, വന്ദ്യ വയോധികനായ മാർക്ക് തിരികെ എത്തി. സാക്ഷാൽ തുഗ്ലക്കുപോലും ഈ സർക്കാരിന്റെ മുന്നിൽ തോറ്റുതുന്നം പാടും എന്നതിന് സംശയം വേണ്ട. ചെകുത്താന്റെ ഹൃദയമുള്ള പുണ്യവാളനെന്നാണ് ചരിത്രം മുഹമ്മദ് ബിൻ തുഗ്ലക്കിനെ വിളിക്കുന്നത്. എ.കെ.ആന്റണി, നാലകത്ത് സൂപ്പി തുടങ്ങിയവരെ കഴുതയുടെ തലച്ചോറുള്ള പുണ്യാളൻമാരെന്ന് ചരിത്രം വിശേഷിപ്പിച്ചാൽ അത്ഭുതപ്പെടേണ്ടതില്ല.

കേരളത്തെ ദൗർഭാഗ്യം വിടാതെ പിടികൂടിയിരിക്കയാണെന്ന വസ്തുത മറച്ചു വെച്ചിട്ട് കാര്യമില്ല. കേരളത്തിലെ വരൾച്ചയേക്കുറിച്ച് പഠിക്കാൻ കഴിഞ്ഞ മാസം കേരളത്തിലെത്തിയ കേന്ദ്ര സംഘത്തിന് മഴ കാരണം പുറത്തേക്കിറങ്ങാൻ കഴിഞ്ഞില്ല. കഴിഞ്ഞ ദിവസം എത്തിയ സംഘം കണ്ടത് മലർവാടിപോലെയുള്ള കേരളവുമാണ്. ഈ സംഘങ്ങൾ ഏതു തരത്തിലുള്ള റിപ്പോർട്ടായിരിക്കും കേന്ദ്രത്തിനു കൊടുത്തതെന്ന് ഊഹിക്കാൻ സാമാന്യ ബുദ്ധി മതി.

ഇപ്പോൾ മഴക്കാല ദുരിതങ്ങളുടെ കാലമാണ്. ഇതു പഠിക്കാൻ കേന്ദ്ര സംഘം എത്തുമോ എന്ന് അറിഞ്ഞുകൂടാ. എത്തിയാൽ വരണ്ടുണങ്ങിയ മണ്ണായിരിക്കും അവർ കാണുക. കേരളത്തിലെ ഒച്ചുസർക്കാർ വെള്ളപ്പൊക്കത്തേക്കുറിച്ച് റിപ്പോർട്ട് ഉണ്ടാക്കി ഡൽഹിയിൽ എത്തിക്കുമ്പോഴേക്കും വേനൽക്കാലമായിരിക്കും. ഹതഭാഗ്യയായ എന്റെ നാട് എന്ന് സ്വദേശാഭിമാനി പറഞ്ഞത് കേരളത്തിന്റെ ഇന്നത്തെ സ്ഥിതികൂടി മുൻകൂട്ടി കണ്ടിട്ടാണോ എന്ന് ബലമായി സംശയിക്കണം.

ദീർഘകാലത്തെ കാത്തിരിപ്പിനുശേഷം മന്ത്രിസഭാ പുന:ഃസംഘടനയെന്ന സ്വപ്നം കേരളത്തിൽ യാഥാർത്ഥ്യമാകുകയാണ്. മുഖ്യമന്ത്രി മാറിക്കഴിഞ്ഞു. ഇതിര കോൺഗ്രസ്സ് മന്ത്രിമാർക്കും മാറ്റം ഉണ്ടാകും എന്ന് പറയപ്പെടുന്നു. പിള്ളയുടേയും ജേക്കബ്ബിന്റേയും കാര്യം തീരുമാനമായിട്ടില്ല. വകുപ്പുകളുടെ കാര്യവും അറിഞ്ഞുകൂടാ.

ലീഡർജിയും പുതിയ മുഖ്യമന്ത്രിയും ഇപ്പോൾ പെരുത്ത സ്നേഹത്തിലാണ്. അത് എത്ര ദിവസത്തേക്കുണ്ടാകുമെന്ന് കണ്ടറിയണം. മുരളീധരന് യു.ഡി.എഫ്. കൺവീനർസ്ഥാനം കിട്ടിയില്ലെങ്കിൽ ലീഡർജി പഴയ പണി വീണ്ടും തുടങ്ങും എന്നതിന് സംശയമില്ല.

ജനസംഖ്യയിൽ ഒന്നാം സ്ഥാനത്ത് ചൈനയും രണ്ടാം സ്ഥാനത്ത് ഇന്ത്യയും നിലകൊള്ളുന്നു. ആ കണക്കു വെച്ചു പറഞ്ഞാൽ ഒളിമ്പിക്സ് മെഡൽ നിലയിൽ ഇന്ത്യ രണ്ടാം സ്ഥാനത്ത് എത്തേണ്ടതായിരുന്നു. പക്ഷേ, ഇന്ത്യാക്കാർക്ക് ഇതിനൊന്നിനും സമയമില്ലല്ലോ.

## മൾട്ടി കളർ ഓഫ്സെറ്റ് പ്രിന്റിംഗ്

* പുസ്തകം, മാസിക, ന്യൂസ് ലറ്റർ, ബ്രോഷർ തുടങ്ങി എല്ലാവിധ അച്ചടി ജോലികളും കൃത്യമായും ഭംഗിയായും ചെയ്തു കൊടുക്കുന്നു
* എഡിറ്റിംഗ്, പ്രൂഫ് റീഡിംഗ് തുടങ്ങിയവയും ചെയ്യുന്നു
* വിദേശത്തുള്ളവർക്ക് പുസ്തകങ്ങളും മറ്റും പ്രിന്റ് ചെയ്ത് അയച്ചു കൊടുക്കുന്നു
* ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന

കൂടുതൽ വിവരങ്ങൾക്ക്:

**പെരുമ്പാവൂർ പ്രിന്റേഴ്സ്**

കെ.എസ്.ആർ.റ്റി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ: 9447414608
**Email: info@perumbavoornews.com**

# കമ്പനി: നിയമം എന്തു പറയുന്നു?

നമ്മുടെ ഭരണഘടന വിഭാവന ചെയ്യുന്ന ‘‘സോഷ്യലിസ്റ്റ് സാമൂഹിക ക്രമം’’ കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തെ യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ വ്യാവസായികനയം രൂപീകരിക്കുന്നതിന് സർക്കാർ ‘ഭാഭാ കമ്മിറ്റി’ എന്നറിയപ്പെടുന്ന ഒരു കമ്മിറ്റിയെ നിയോഗിച്ചു. ഈ കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് കമ്പനി നിയമം രൂപംകൊണ്ടത്. 1956 ഏപ്രിൽ ഒന്നാം തീയതി മുതൽ കമ്പനി നിയമം പ്രാബല്യത്തിൽ വന്നു.

സാധാരണ രണ്ടോ, അതിൽ കൂടുതലോ വ്യക്തികൾ വ്യവസായമോ കച്ചവടമോ നടത്താൻ ആഗ്രഹിക്കുന്നെങ്കിൽ നിയമം അനുശാസിക്കുന്ന താഴെപ്പറയുന്ന രണ്ടു മാർഗ്ഗങ്ങളിൽ ഏതെങ്കിലും ഒന്ന് സ്വീകരിക്കാവുന്നതാണ്.

1. പാർട്ട്ണർഷിപ്പ്
2. കമ്പനി

പരസ്പരവിശ്വാസമുള്ള കുറച്ചു വ്യക്തികൾ ചെറിയ മൂലധനം മുടക്കി ചെറുകിട വ്യവസായമാണ് തുടങ്ങാൻ ആഗ്രഹിക്കുന്നതെങ്കിൽ പാർട്ട്ണർഷിപ്പ് രൂപീകരിക്കുകയാണ് അവർക്ക് അഭികാമ്യമായിട്ടുള്ളത്.

എന്നാൽ വൻകിട വ്യവസായമാണ് തുടങ്ങാൻ ആഗ്രഹിക്കുന്നതെങ്കിൽ കൂടുതൽ മൂലധനവും, വിഭവസമാഹാരവും ആവശ്യമായി വരികയും, കുറച്ചു വ്യക്തികളെക്കൊണ്ട് മുടക്കാൻ കഴിയാതെയും വന്നാൽ കമ്പനി രൂപീകരിക്കുകയാണ് വേണ്ടത്.

സലോമൺ അഭി സലോമൺ & കമ്പനി (1897, AC 22) എന്ന പ്രസിദ്ധമായ കേസിൽ കമ്പനി നിയമദൃഷ്ടിയിൽ ഒരു നൈയാമിക വ്യക്തിയാണെന്ന് അതിലെ അംഗങ്ങളിൽ നിന്ന് വിഭിന്നമായ ഒരു പ്രത്യേക വ്യക്തിത്വവും നിലനിൽപ്പും, സ്വന്തമായി ബിസിനസ്സ് നടത്താനും, സ്വത്ത് സമ്പാദിക്കാനും കഴിവുള്ള ഒരു പ്രസ്ഥാനമാണെന്ന് വിവരിച്ചിട്ടുണ്ട്. എന്നാൽ കമ്പനിയെ വെറുമൊരു നിയമപരമായ സ്ഥാപനം മാത്രമായി കാണരുത്. സാമൂഹ്യവും സാമ്പത്തികവുമായ ലക്ഷ്യപ്രാപ്തിക്കു വേണ്ടി, പൊതുപ്രാധാന്യമുള്ളതും സാമൂഹ്യ പ്രതിബദ്ധതയുള്ളതുമായ ഈ സ്ഥാപനം നിയമത്തിന്റെ സൃഷ്ടിയാണ്. അതുകൊണ്ടുതന്നെ രാഷ്ട്രീയവും സാമുദായികവും സാമ്പത്തികവും നിയമപരമായും എല്ലാംകൂടി ഒത്തുചേർന്ന ഒരു സ്ഥാപനമാണ് കമ്പനി.

‘‘ഏതൊരു വ്യക്തിയെപ്പോലെയും, കമ്പനിക്കും അതിലെ അംഗങ്ങളെ കൂടാതെ തന്നെ സ്വന്തം നിലയിൽ അവകാശങ്ങളും ബാദ്ധ്യതകളും തുടർച്ചയായിട്ടുള്ള നിലനിൽപ്പും ഉണ്ടായിരിക്കും.’’ (Hahlo's Case Book on Company Law).

സ്വമേധയാ ഉണ്ടാകുന്ന സംഘടന, നൈയാമിക വ്യക്തിത്വം, സ്ഥായീഭാവം, പൊതുമുദ്ര, ക്ലിപ്ത ബാധ്യത, ഓഹരി കൈമാറ്റം മുതലായവ ഒരു കമ്പനിയുടെ സവിശേഷതകളാണ്. 1956-ലെ ഇന്ത്യൻ കമ്പനി നിയമം സെക്ഷൻ 3(1) അനുസരിച്ച് ഒരു കമ്പനി എന്നാൽ ‘‘നിലവിലുള്ള ഒരു കമ്പനിയോ, അല്ലെങ്കിൽ ഈ നിയമമനുസരിച്ച് രൂപീകരിച്ച് രജിസ്റ്റർ ചെയ്ത ഒരു കമ്പനിയോ എന്നർത്ഥമാകുന്നു.’’ നിക്ഷേപകർ സ്വമേധയാ രൂപം കൊടുക്കുന്ന സംഘടനയാണ് കമ്പനി. ശരിക്കും പറഞ്ഞാൽ കമ്പനി എന്ന പദത്തിൽ സാങ്കേതികമോ, നിയമപരമായോ ഒരർത്ഥമില്ല. കോമൺ ലാ അനുസരിച്ച് സാങ്കല്പികമാണെങ്കിൽ പോലും, നിയമദൃഷ്ടിയിൽ കമ്പനിക്ക് ഒരു വ്യക്തിയുടെ എല്ലാ ബാദ്ധ്യതകളും ചുമതലകളുമുണ്ട്.

## കമ്പനി രൂപവൽക്കരണം

കമ്പനി നിയമത്തിൽ അഗാധമായ പാണ്ഡിത്യം സിദ്ധിച്ച വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും മാത്രമേ കമ്പനി രൂപീകരണം വിജയകരമായി നടത്താൻ കഴിയൂ. കമ്പനി രൂപവൽക്കരണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വ്യക്തികളേയും സ്ഥാപനങ്ങളേയും പ്രൊമോട്ടർമാർ എന്നാണ് അറിയപ്പെടുന്നത്. അവരുടെ പ്രവർത്തനത്തെ കമ്പനി പ്രൊമോഷൻ എന്നു പറയുന്നു. കമ്പനി രൂപവൽക്കരിക്കുന്നതിനാവശ്യമായ രേഖകൾ, കരടുകൾ തയ്യാറാക്കുകയും, രജിസ്ട്രേഷനു മുമ്പ് കമ്പനിക്കു വേണ്ടി കരാറുകളിൽ ഏർപ്പെടുകയും ചെയ്യുന്നത് പ്രൊമോട്ടർമാരാണ്.

ഒരു കമ്പനിയുടെ രൂപവൽക്കരണം പ്രധാനമായും നാലു ഘട്ടങ്ങളിൽ കൂടിയാണ് നടത്തുന്നത്. അവ താഴെ പറയും പ്രകാരമാണ്.

1. കമ്പനി പ്രൊമോഷൻ
2. രജിസ്ട്രേഷൻ
3. മൂലധന സംഭരണം
4. പ്രവർത്തനം തുടങ്ങുക.

## പ്രൊമോട്ടർ:

കമ്പനിയുമായി ബന്ധപ്പെട്ട പല കാര്യങ്ങളിലും പ്രൊമോട്ടർ എന്ന പദം സാധാരണ ഉപയോഗിക്കുന്നതായി കാണാം. കമ്പനി നിയമത്തിൽ തന്നെ 62, 69, 478 എന്നീ വകുപ്പുകൾ പ്രകാരം ബാദ്ധ്യത പ്രമോട്ടർമാരെ ഏല്പിച്ചുകൊണ്ട് ആ പദം ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ കമ്പനി നിയമമോ, കോടതിവിധിയോ, നിയമനിർമ്മാണം വഴിയോ, പ്രൊമോട്ടർ എന്ന പദത്തെ നിർവ്വചിച്ചു കാണുന്നില്ല. വ്യവസായ ലോകത്ത് ഉപയോഗിക്കുന്ന ഒരു പദമാണ് പ്രൊമോട്ടർ എന്നു കോടതി തന്നെ വ്യക്തമാക്കുന്നുണ്ട്.

കമ്പനി രൂപവൽക്കരണത്തിൽ നിർണ്ണായക പങ്കു വഹിക്കുന്നവരാണ് പ്രൊമോട്ടർമാർ. ഒരു കമ്പനി നിലവിൽ കൊണ്ടുവരുന്നതിന് ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും അങ്ങേയറ്റം ഊർജ്ജസ്വലതയോടെ ചെയ്തുതീർക്കുന്ന, വ്യവസായ ലോകത്ത് പ്രസിദ്ധരായ ആളുകളെയാണ് പ്രൊമോട്ടർ എന്ന ഒറ്റ പദം കൊണ്ട് അർത്ഥമാക്കുന്നത് എന്ന് ബോവൻ എന്ന ജഡ്ജി അഭിപ്രായപ്പെടുന്നു. വ്യവസായ വാണിജ്യ മേഖലയുമായി നിരന്തരം ഇടപഴകി പ്രവർത്തിക്കുന്ന ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിന്, സംഘടനാരൂപം നൽകുന്നതിന്, വ്യവസായത്തിൽ താല്പര്യമുള്ളവരെ സജീവമായി പങ്കെടുപ്പിക്കാനും ഒരുമിച്ചു കൊണ്ടുവരാൻ പ്രാപ്തിയുള്ളവരെ പ്രൊമോട്ടർ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നതിൽ തെറ്റില്ല. ഒരു വ്യക്തി പ്രൊമോട്ടർ ആണോ അല്ലയോ എന്നു തീരുമാനിക്കുന്നത് കമ്പനി രൂപീകരിക്കുന്നതിൽ അയാളുടെ പങ്കിനെ ആശ്രയിച്ചിരിക്കും. കമ്പനി രൂപവൽക്കരണം സംബന്ധിച്ച് പ്രൊമോട്ടറുടെ കർത്തവ്യങ്ങൾ താഴെപ്പറയും പ്രകാരമാണ്.

ഒരു വ്യാപാരം ആരംഭിക്കുവാനുള്ള ആശയം ഉദിച്ചു കഴിഞ്ഞാൽ പ്രൊമോട്ടർ വ്യാപാരത്തിനുള്ള സാധ്യതകൾ ആരായുന്നു. പുതിയതായി ഒരു ബിസിനസ്സ് തുടങ്ങുകയോ, അല്ലെങ്കിൽ നിലവിലുള്ള ബിസിനസ്സ് വിലയ്ക്കെടുക്കുകയോ ആണ് അയാൾ ചെയ്യുന്നത്. പുതിയൊരു ഉൽപ്പന്നം ഉൽപ്പാദിപ്പിക്കുകയാണ് ലക്ഷ്യമെങ്കിൽ അതിന്റെ പേറ്റന്റ് രജിസ്റ്റർ ചെയ്യുന്നു.

വ്യാപാരത്തിന്റെ ഗുണങ്ങളും ദോഷങ്ങളും സംബന്ധിച്ച വിശദമായ അന്വേഷണമാണ് പിന്നീടയാൾ നടത്തുക. വ്യാപാരത്തിന്റെ വിജയസാദ്ധ്യത, വികസനത്തിനുള്ള പോംവഴികൾ എന്നീ കാരണങ്ങൾ അയാൾ വിശദമായി പഠിക്കുന്നു, പരിശോധിക്കുന്നു.

വ്യാപാരാവശ്യമായ ഉൽപ്പാദന ഘടകങ്ങളുടെ കെട്ടിടം, മൂലധനം, തൊഴിലാളികൾ, സംഘടന എന്നിവയുടെ സജ്ജീകരണം പ്രൊമോട്ടറുടെ ഒരു പ്രധാന ജോലിയാണ്.

അവസാനമായി പ്രൊമോട്ടർക്ക് ചെയ്യാനുള്ളത് കമ്പനിയുടെ രജിസ്ട്രേഷൻ അഥവാ ഏകോപനം സംബന്ധിച്ച പ്രവൃത്തികളാണ്.

(a) കമ്പനിക്ക് യോജിച്ച പേര് കണ്ടുപിടിക്കുക.
(b) കമ്പനിയുടെ ആസ്ഥാനം തെരഞ്ഞെടുക്കുക.
(c) ആവശ്യമായത്ര മെമ്പർമാരെ സംഘടിപ്പിക്കുക.
(d) മൂലധനത്തിന്റെ തുകയും രൂപവും നിർണ്ണയിക്കുക.
(c) മൂലധനം സ്വരൂപിക്കുന്നതിന് സഹായിക്കാൻ അണ്ടർറൈറ്റർമാർ, ബ്രോക്കർമാർ, ബാങ്കർമാർ എന്നിവരെ നിശ്ചയിക്കുകയും, ആവശ്യമായ കരാറിലേർപ്പെടുകയും ചെയ്യുക.
(f) കമ്പനിയുടെ ആദ്യത്തെ ഓഡിറ്റർ, ഡയറക്ടർ, സെക്രട്ടറി, അഡ്വക്കേറ്റ് എന്നിവരെ നിയമിക്കുക.
(g) മെമ്മോറാണ്ടം, ആർട്ടിക്കിൾസ്, പ്രോസ്പെക്ടസ് എന്നിവ തയ്യാറാക്കുകയും അച്ചടിപ്പിക്കുകയും ചെയ്യുക.
(h) കമ്പനി രൂപവൽക്കരണത്തിന്റെ പ്രാരംഭ ചിലവുകൾ നിർവ്വഹിക്കുക.

## പ്രൊമോഷൻ:

ഒരു ആശയത്തിന് പ്രായോഗിക രൂപം നൽകുകയെന്നാണ് പ്രൊമോഷൻ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. കമ്പനി രൂപവൽക്കരണത്തിൽ ഈ പദത്തിന് പ്രത്യേക അർത്ഥമുണ്ട്. ഒരു ബിസിനസ്സ് സംഘടിപ്പിക്കുന്നതിനുള്ള സാദ്ധ്യത കണ്ടെത്തുക, അതിനുവേണ്ട ധനം സംഭരിക്കുക, അതിന്റെ നടത്തിപ്പിനാവശ്യമായ ഭരണ സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയവ രൂപവൽക്കരിക്കുകയെന്ന ആശയത്തിന് പ്രായോഗികരൂപം നൽകുന്ന എല്ലാ പ്രവർത്തനങ്ങളും പ്രൊമോഷൻ എന്ന പദത്തിൽ ഉൾപ്പെടുന്നു.

## രജിസ്ട്രേഷൻ

കമ്പനി രജിസ്റ്റർ ചെയ്യുന്നതിന്, അതായത് സംസ്ഥാനത്തെ കമ്പനി രജിസ്ട്രാർക്ക് പ്രാഥമിക നടപടികൾ പൂർത്തിയാക്കിയ ശേഷം മതിയായ രേഖകൾ നിശ്ചിത ഫീസോടുകൂടി അപേക്ഷ സമർപ്പിച്ചാൽ അദ്ദേഹം അവയെല്ലാം പരിശോധിച്ച് നിയമാനുസൃതമെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം മെമ്മോറാണ്ഡവും ആർട്ടിക്കിൾസും രജിസ്റ്റർ ചെയ്യും.

അപേക്ഷയോടൊപ്പം താഴെപ്പറയുന്ന പ്രമാണങ്ങളും സമർപ്പിക്കേണ്ടതാണ്.

1. മെമ്മോറാണ്ഡം ഓഫ് അസ്സോസിയേഷൻ (വകുപ്പ് 12 & 15)
2. ആർട്ടിക്കിൾസ് ഓഫ് അസ്സോസിയേഷൻ. കമ്പനിയുടെ ആർട്ടിക്കിൾസിൽ ടേബിൾ ‘എ’ അംഗീകരിച്ചിട്ടുണ്ടെങ്കിൽ മാത്രം. (വകുപ്പ് 30)
3. നിയമിച്ചതോ, നിയമിക്കാൻ ഉദ്ദേശിക്കുന്നതോ ആയ ഡയറക്ടർമാർ പ്രസ്തുത സ്ഥാനങ്ങൾ വഹിക്കാൻ തയ്യാറാണെന്നുള്ള സമ്മതപത്രം. (വകുപ്പ് 266(1) (a))
4. സുപ്രീംകോടതിയിലോ ഹൈക്കോടതിയിലോ പ്രാക്ടീസ് ചെയ്യുന്ന അഡ്വക്കേറ്റോ, ഇന്ത്യയിൽ പ്രവൃത്തി ചെയ്യുന്ന ഒരു ചാർട്ടേഡ് അക്കൗണ്ടന്റോ, കമ്പനിയുടെ ആർട്ടിക്കിൾസിൽ പേരെടുത്ത് പറഞ്ഞിരിക്കുന്ന ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ കമ്പനി രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയിട്ടുണ്ട് എന്ന് പ്രതിജ്ഞ ചെയ്തിരിക്കണം. (വകുപ്പ് 33(2)).

കമ്പനി രജിസ്ട്രാർ ഇവയെല്ലാം പരിശോധിച്ച് കമ്പനി രജിസ്റ്റർ ചെയ്തതായുള്ള സർട്ടിഫിക്കറ്റ് നൽകുന്നു. ഇതിന് തെളിവായി സർട്ടിഫിക്കറ്റ് ഓഫ് ഇൻകോർപ്പറേഷൻ രജിസ്ട്രാർ കയ്യൊപ്പും തീയതിയും വച്ച് നൽകുന്നു. അതിൽ പറഞ്ഞ തീയതി മുതൽ കമ്പനി നിലവിൽ വന്നതായി കണക്കാക്കപ്പെടും.

കമ്പനി നിയമപരമായി അംഗീകാരം കിട്ടിയാലുടനെ ഡയറക്ടർമാരുടെ യോഗം വിളിച്ചുകൂട്ടുന്നു. പ്രൊമോട്ടർമാരാണ് ഈ കർത്തവ്യം നിർവ്വഹിക്കുന്നത്. പ്രസ്തുത യോഗം താഴെപ്പറയുന്ന വിഷയങ്ങളിൽ അന്തിമ തീരുമാനമെടുക്കുന്നു.

1. അദ്ധ്യക്ഷൻ, ബാങ്കർ, ആഡിറ്റർ, സെക്രട്ടറി, നിയമോപദേഷ്ടാവ്, ബ്രോക്കർ മുതലായവരെ നിയമിക്കുക.
2. പ്രാഥമിക കരാറുകൾ അംഗീകരിക്കുക.
3. അണ്ടർറൈറ്റിംഗ് കരാറുകൾ അംഗീകരിക്കുക.
4. പ്രോസ്പെക്ടസിന്റെ കരടുരേഖ അംഗീകരിക്കുക.

അതോടൊപ്പം ഓഹരി കൈമാറ്റ കമ്പോളവുമായി ബന്ധപ്പെട്ട് കമ്പനിയുടെ പേരുകൂടി പട്ടികയിൽ പെടുത്തുന്നു. എല്ലാ ഡയറക്ടർമാരും ഒപ്പുവച്ച പ്രോസ്പെക്ടസിന്റെ ഒരു പകർപ്പ് രജിസ്ട്രാർക്ക് സമർപ്പിക്കുന്നു. പൊതുജനങ്ങളുടെ അറിവിലേക്ക് ഈ പ്രോസ്പെക്ടസ് പരസ്യം ചെയ്യുന്നു. കമ്പനി ചുമതലപ്പെടുത്തിയിട്ടുള്ള ബ്രോക്കർ, ബാങ്കർ എന്നിവരിൽ കൂടി ഓഹരിക്കുള്ള അപേക്ഷ സ്വീകരിക്കുന്നു. ഒരു മാസത്തിനകം തന്നെ ഓഹരി അനുവദിച്ചിട്ടുള്ളവരുടെ വിവരം രജിസ്ട്രാറെ അറിയിക്കുന്നു. ആവശ്യമുള്ള ധനം ഓഹരിമൂലധനമായി സ്വരൂപിച്ചു കഴിഞ്ഞാൽ കമ്പനി ഉടൻ പ്രവർത്തനമാരംഭിക്കുന്നു.

ഒരു സ്വകാര്യ കമ്പനിയെ സംബന്ധിച്ചിടത്തോളം രജിസ്ട്രേഷൻ കിട്ടിക്കഴിഞ്ഞാലുടൻ മൂലധന സംഭരണം നടത്തി, പ്രവർത്തനമാരംഭിക്കാം. എന്നാൽ ഒരു പൊതുകമ്പനിയുടെ പ്രവർത്തനം ആരംഭിക്കണമെങ്കിൽ രജിസ്ട്രാറിൽ നിന്നും ആയതിനുള്ള സർട്ടിഫിക്കറ്റ് ലഭിച്ചിരിക്കണം. 149-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ കമ്പനി പാലിച്ചാൽ മാത്രമേ കമ്പനി പ്രവർത്തിക്കുന്നതിനുള്ള അനുവാദം രജിസ്ട്രാറിൽ നിന്നും ലഭിക്കൂ.

സ്വകാര്യ കമ്പനികൾ അതിന്റെ പേരിനോട് ‘പ്രൈവറ്റ് ലിമിറ്റഡ്’ എന്നു ചേർത്തിരിക്കണം.

## മെമ്മോറാണ്ഡം ഓഫ് അസ്സോസിയേഷൻ

കമ്പനി രൂപവൽക്കരണഘട്ടത്തിൽ തയ്യാറാക്കേണ്ട ഒരു പ്രധാന രേഖയാണ് മെമ്മോറാണ്ഡം ഓഫ് അസ്സോസിയേഷൻ. ഒരു കമ്പനിയെ സംബന്ധിച്ചിടത്തോളം പ്രധാന രേഖ ഇതു തന്നെയാണ്. ഈ പ്രമാണത്തെ കമ്പനിയുടെ ഭരണഘടന എന്ന് വിളിക്കുന്നതിൽ തെറ്റില്ല. കമ്പനി നിയമത്തിലെ 2-ാം വകുപ്പ് 28-ാം ഉപവകുപ്പ് മെമ്മോറാണ്ഡം ഓഫാ അസ്സോസിയേഷനെ ഏതാണ്ട് ഇപ്രകാരം നിർവ്വചിക്കുന്നു. ‘‘ഒരു കമ്പനിയുടെ മെമ്മോറാണ്ഡം എന്നാൽ തുടക്കത്തിലെ കമ്പനിക്കു വേണ്ടി എഴുതി ഉണ്ടാക്കപ്പെട്ടതോ, മുമ്പ് പ്രാബല്യത്തിലിരുന്ന നിയമങ്ങൾക്കോ ഈ നിയമത്തിനോ വിധേയമായി കാലാകാലങ്ങളിൽ ഭേദഗ

(പേജ് -7)

# വാഹനങ്ങളിൽ എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പെട്രോൾ വാഹനങ്ങളിൽ എൽ.പി. ഗ്യാസ് കുറ്റിയെ സംബന്ധിച്ച് വാഹന ഉടമകൾക്ക് പലവിധ സംശയങ്ങൾ ഉണ്ട്. നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും അനുസരിച്ച് മോട്ടോർ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റിൽ എൽ.പി.ജി. ഇന്ധനമായി ചേർത്ത് കൊടുക്കണമെങ്കിൽ താഴെപ്പറയുന്ന കാര്യങ്ങൾ അനുസരിച്ചിരിക്കണം.

1. വാഹനത്തിൽ ഉപയോഗിക്കുന്ന കൺവർഷൻ കിറ്റ് ഗവൺമെന്റ് അംഗീകരിച്ചിരിക്കണം.
2. ഇന്ധനം നിറയ്ക്കുന്ന ടാങ്ക് വാഹനത്തിൽ സ്ഥിരമായി ഫിറ്റ് ചെയ്തിട്ടുള്ളതും, അവയിൽ സുരക്ഷിതത്വത്തിന് വേണ്ട വാൽവുകളും മറ്റും പിടിപ്പിച്ചിട്ടുള്ളതായിരിക്കണം. അവ ഐ.എസ്.ഐ. നിലവാരത്തിൽ ഉള്ളതും ആയിരിക്കണം.
3. ടാങ്കിൽ നിറയ്ക്കുന്ന ഇന്ധനം അംഗീകൃത ഗ്യാസ് ഫില്ലിംഗ് സ്റ്റേഷനിൽ നിന്ന് മാത്രം നിറയ്ക്കേണ്ടതാണ്.
4. ഇവ കൂടാതെയുള്ള ഗ്യാസ് കൺവർഷനുകൾ അനധികൃതവും, കുറ്റകരവും ശിക്ഷാകരവും ആണ്.

# അല്പജ്ഞന്മാർ അരങ്ങുവാഴുമ്പോൾ

അല്പജ്ഞന്മാരെക്കൊണ്ട് പെന്തക്കോസ്ത് സമൂഹം നിറഞ്ഞിരിക്കയാണെന്നു പറഞ്ഞാൽ മിക്കവരും എതിർക്കുമെന്നറിയാം. എങ്കിലും സത്യം പറയാതിരിക്കുന്നതെങ്ങനെ? (ആത്മീയ രംഗത്തെ അല്പജ്ഞതയേക്കുറിച്ചാണ് പറഞ്ഞുവരുന്നത്) മുൻവിധികൾ മാറ്റിവെച്ചിട്ട് ഈ വിഷയത്തേക്കുറിച്ച് പഠിക്കാൻ തയ്യാറായാൽ സത്യം ഗ്രഹിക്കാം.

പെന്തക്കോസ്തിൽ ഡോക്ടറേറ്റുള്ളവർക്ക് പഞ്ഞമില്ല. പക്ഷേ, യഥാർത്ഥ ഡോക്ടറേറ്റുള്ളവർ എത്രപേരുണ്ട്. (ഡോക്ടറേറ്റ് കൊടുക്കാൻ അധികാരമുള്ള സ്ഥാപനത്തിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചിട്ടുള്ളവരാണ് യഥാർത്ഥ ഡോക്ടറേറ്റുകാർ). ഒരു ഉളുപ്പും കൂടാതെ ചുമ്മാ ഡോയുമായി നടക്കുന്ന പെന്തക്കോസ്ത് ശുംഭൻമാരെ കാണുമ്പോൾ കാറി തുപ്പാൻ തോന്നും. ഡോ.ബാബു ജോർജ്, ഡോ.പി.ജി.വർഗീസ് തുടങ്ങിയവരുടെയൊക്കെ കാര്യമാണ് പറഞ്ഞുവരുന്നത്. പത്താം ക്ലാസ്സുകാരനും പത്താം ക്ലാസ്സ് പോലും ഇല്ലാത്തവനും ഒക്കെ ഡോയാകുന്നു. പെന്തക്കോസ്തിലല്ലാതെ മറ്റൊരിടത്തും ഇങ്ങനെയൊക്കെ നടക്കുമെന്ന് തോന്നുന്നില്ല.

ബൈബിൾ അരച്ചു കലക്കി കുടിച്ചവരാണ് പെന്തക്കോസ്തുകാർ എന്നാണ് പൊതുവെയുള്ള ധാരണ. എന്നാൽ സത്യം എന്ത്? തിരുവചനം വസ്തുനിഷ്ഠമായി പഠിച്ചിട്ടുള്ള എത്ര പെന്തക്കോസ്തുകാരുണ്ട്? ബൈബിളിൽ കാര്യമായ പരിജ്ഞാനമില്ലാത്ത സമുദായക്കാരെ വിരട്ടാനുള്ള ജ്ഞാനം മാത്രമാണ് ഭൂരിപക്ഷം പെന്തക്കോസ്തുകാർക്കും ഉള്ളത് എന്ന വസ്തുത തുറന്നു പറയാതിരിക്കുന്നതെങ്ങനെ?

ഏതാനും വർഷം മുൻപ് നടന്ന ഒരു സംഭവം ഓർക്കുന്നു. തിരുവല്ലയിൽ ക്രിസ്റ്റാഡെൽഫിയൻ പ്രസ്ഥാനത്തിന്റെ ഒരു ശാഖയുണ്ട്. (എന്താണ് ക്രിസ്റ്റാഡെൽഫിയൻ പ്രസ്ഥാനം എന്ന് മിക്കവർക്കും അറിവുണ്ടാകില്ല എന്നറിയാം. അതുകൊണ്ട് പറയട്ടെ: ത്രിത്വം ഇല്ല, യേശു മനുഷ്യനാണ്, സാത്താൻ ഇല്ല എന്നൊക്കെ വിശ്വസിക്കുന്ന ഒരു കൾട്ടാണ് ക്രിസ്റ്റാഡെൽഫിയൻ പ്രസ്ഥാനം. ഒന്നര നൂറ്റാണ്ടു മുൻപ് ഡോ. ജോൺ തോമസ് എന്നൊരാളാണ് ഇതു സ്ഥാപിച്ചത്. ഈ കൾട്ടിനേക്കുറിച്ച് വിശദമായ ഒരു ലേഖനം ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുന്നതാണ്). ക്രിസ്റ്റാഡെൽഫിയൻ പ്രസ്ഥാനക്കാർ സാത്താൻ ഇല്ലെന്ന് പഠിപ്പിക്കുന്നു എന്നറിഞ്ഞതോടെ തിരുവല്ലയിലുള്ള ഏതാനും ബൈബിൾ കോളേജ് വിദ്യാർത്ഥികളുടെ ചോര തിളച്ചു. സാത്താൻ ഉണ്ടെന്ന് തെളിയിച്ചിട്ടുതന്നെ കാര്യം എന്ന് അവർ ഉറപ്പിച്ചു.

ഒരു ദിവസം ഈ വിദ്യാർത്ഥികൾ ക്രിസ്റ്റാഡെൽഫിയൻ പ്രവർത്തകരെ കാണാൻ എത്തി. സാത്താൻ ഉണ്ടെന്ന് തെളിയിക്കാൻ കുറെ ന്യായങ്ങളൊക്കെ നിരത്തി വാദിക്കയും ചെയ്തു. പക്ഷേ, തോറ്റ് തൊപ്പിപ്പാള ഇട്ടാണ് അവർ മടങ്ങിയത് എന്നു പറഞ്ഞാൽ മതിയല്ലോ.

എന്താണ് അവർക്കു പറ്റിയത്? സാത്താൻ ഉണ്ട് എന്നതും ഈ വസ്തുത ബൈബിൾ ഉപയോഗിച്ച് തെളിയിക്കാം എന്നതും സത്യം തന്നെ. പക്ഷേ, ഈ പിള്ളേർക്ക് അതിനു കഴിഞ്ഞില്ല. എന്തുകൊണ്ട്? അവർ അല്പജ്ഞന്മാരായതുകൊണ്ട്.

യഹോവാ സാക്ഷികൾ, ശാബതുകാർ തുടങ്ങിയ കൾട്ടുകൾ നമ്മുടെ നാട്ടിലുണ്ട്. അവരുമായി സംസാരിക്കാൻ തക്ക വചന പരിജ്ഞാനമുള്ള എത്ര തിയോളജിയൻമാർ പെന്തക്കോസ്തിലുണ്ട്? ഇത്തരം കൾട്ടുകൾക്കെതിരെ പ്രതികരിക്കണമെന്നെങ്കിലും ആഗ്രഹമുള്ളവർ വളരെ കുറവാണെന്നതല്ലേ സത്യം?

ദൈവവചനം ആഴത്തിൽ പഠിക്കാൻ മൂലഭാഷകളിലുള്ള പാണ്ഡിത്യം അത്യന്താപേക്ഷിതമാണ്. എബ്രായ-ഗ്രീക്ക് ഭാഷകൾ ആഴത്തിൽ പഠിച്ചിട്ടുള്ള എത്ര വേദാദ്ധ്യാപകർ പെന്തക്കോസ്തിലുണ്ട്? ഏറെ ഇല്ലെന്നതല്ലേ വസ്തുത? മിക്കവരും ഒരു ശരാശരി പഠനം നടത്തിയശേഷം ശുശ്രൂഷയ്ക്കിറങ്ങുന്നു. പിന്നീട് പഠനം പൂർണ്ണമായി ഉപേക്ഷിക്കുന്നു. ഏതാനും വർഷം കഴിയുന്നതോടെ പഠിച്ചതും മറക്കുന്നു.

പെന്തക്കോസ്തിൽ വേദാദ്ധ്യാപകർക്ക് പഞ്ഞമില്ല. പക്ഷേ മിക്കവർക്കും ഉപരിപ്ലവമായ അറിവു മാത്രമേ വചനത്തിലുള്ളൂ. അറിയേണ്ട പലതും അറിയാതെയാണ് അവർ അദ്ധ്യാപകരായത്. അറിവ് വർദ്ധിപ്പിക്കാൻ അവർ ശ്രമിക്കാറുമില്ല. അതുകൊണ്ട് നല്ല വേദാദ്ധ്യാപകർ പെന്തക്കോസ്തിൽ വിരളമായിരിക്കുന്നു.

തിയോളജിയൻമാരുടെ ശ്രദ്ധ പതിയേണ്ട നിരവധി വിഷയങ്ങൾ പെന്തക്കോസ്തിലുണ്ട്. പക്ഷേ, വചന പരിജ്ഞാനമുള്ളവർ ഏറെ ഇല്ലാത്തതുകൊണ്ട് ഈ പ്രശ്നങ്ങൾക്ക് പരിഹാരം ആകാതെ കിടക്കുകയാണ്. പ്രജാപതിയെന്ന അന്യദൈവത്തിന്റെ കാര്യം തന്നെ നല്ല ഉദാഹരണം. നിരവധി ദശാബ്ദങ്ങളായി ഈ വ്യാജ ക്രിസ്തു പെന്തക്കോസ്തിൽ കുടിയേറി പാർത്തു വരികയായിരുന്നു. പക്ഷേ, ഇതിനെതിരെ ഫലപ്രദമായി എന്തെങ്കിലും ചെയ്യാൻ ആളുണ്ടായില്ല. ഐ.പി.സിയുടെ സണ്ടേസ്കൂൾ പുസ്തകത്തിൽ വരെ പ്രജാപതി കടന്നുകൂടിയിട്ടും ആർക്കും മനഃപ്രയാസമുണ്ടായില്ല. എന്തിനേറെ പറയുന്നു, ഡിഫെൻഡർ ഈ അന്യദൈവത്തിനെതിരെ യുദ്ധം നടത്തിയപ്പോൾ പിൻതുണ നൽകാൻ പോലും ഏറെപ്പേരുണ്ടായില്ല. പ്രജാപതിയെന്ന പേരിൽ പെന്തക്കോസ്തിൽ കടന്നുകൂടിയത് സാത്താനാണെന്നു തിരിച്ചറിയാൻ പോലും പെന്തക്കോസ്തുകാർക്ക് കഴിഞ്ഞില്ല എന്നത് ഗൗരവമുള്ള കാര്യമാണ്.

ഊതിവീഴ്ത്തിനെതിരെ പ്രതികരിക്കാൻ എത്ര ദൈവശാസ്ത്രജ്ഞർക്ക് കഴിഞ്ഞു? പെന്തക്കോസ്ത് നേതാക്കൻമാരും പെന്തക്കോസ്തിലെ തിയോളജിയൻമാരും ഇക്കാര്യത്തിൽ തികഞ്ഞ നിസ്സംഗതയാണ് കാണിക്കുന്നത്. ഈ പ്രതിഭാസം ദൈവീകമോ മാനുഷികമോ സാത്താന്യമോ എന്ന് തിരിച്ചറിയാൻ ഇവർക്ക് കഴിയുന്നില്ല എന്നതാണ് വസ്തുത.

പെന്തക്കോസ്തിൽ സ്വീകാര്യത നേടിക്കൊണ്ടിരിക്കുന്ന സമൃദ്ധിയുടെ സുവിശേഷത്തിന്റെ കാര്യവും മറിച്ചല്ല. ഈ ഉപദേശം വചന വിരുദ്ധമാണെന്ന് ധൈര്യമായി പറയാൻ പെന്തക്കോസ്ത് നേതാക്കൻമാർക്കോ വേദാദ്ധ്യാപകർക്കോ കഴിയുന്നില്ല. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന സാത്താനെ വിവേചിച്ചറിയാൻ ഇവർക്ക് കഴിയുന്നുമില്ല.

ഇതര സമുദായങ്ങളിലെ ദുരുപദേശങ്ങൾക്കും ദുർന്നടപടികൾക്കും എതിരെ ശക്തമായ നിലപാടെടുത്തുകൊണ്ടാണ് പെന്തക്കോസ്ത് പ്രസ്ഥാനം രംഗത്തെത്തിയത്. പെന്തക്കോസ്തിന്റെ ആദ്യകാല നേതാക്കൻമാർ ദൈവവചനം പഠിക്കാൻ ശ്രമിക്കയും ചെയ്തിരുന്നു. പക്ഷേ, ഇന്ന് സ്ഥിതി ആകെ മാറി. പെന്തക്കോസ്തിൽ സെമിനാരികൾ ഉൾപ്പെടെ നിരവധി വേദപഠന ശാലകൾ ഉണ്ടെങ്കിലും ആഴമായ വചന പഠനം നടക്കുന്നില്ല. പഠിപ്പിക്കേണ്ടത് പഠിപ്പിക്കുന്നില്ല. പഠിക്കേണ്ടത് പഠിക്കുന്നുമില്ല. അതുകൊണ്ട് ദുരുപദേശങ്ങൾക്കെതിരെ പ്രതികരിക്കാൻ കഴിയുന്നില്ല. ദുർന്നടപടികൾ കണ്ടില്ലെന്നു നടിക്കേണ്ടതായി വരുന്നു. സമൃദ്ധിയുടെ സുവിശേഷം സഭയിൽ വ്യാപിക്കുന്നു. എട്ടും പൊട്ടും തിരിയാത്ത ജനലക്ഷങ്ങൾ നാശത്തിലേക്കു പോകുന്നു. ഈ പ്രശ്നം അർഹിക്കുന്ന ഗൗരവത്തിൽ എടുത്ത് പരിഹാരം കണ്ടേ മതിയാകൂ.

# ഡിഫെൻഡർ മറുപടി പറയുന്നു

? അച്ചൻകുഞ്ഞ് ഇലന്തൂരിന്റെ ഭവനപ്രതിഷ്ഠയേക്കുറിച്ച് ഡിഫെൻഡറിലൂടെ അറിയാൻ ഇടയായി. അച്ചൻകുഞ്ഞ് ഇങ്ങനെ ചെയ്യുമെന്ന് വിശ്വസിക്കാൻ പ്രയാസം. അതുകൊണ്ട് ഇതേപ്പറ്റി കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നു.

■ അച്ചൻകുഞ്ഞ് ഇലന്തൂരുമായി എനിക്ക് പത്തു വർഷത്തെ പരിചയമുണ്ട്. ഞങ്ങൾ നല്ല സുഹൃത്തുക്കളുമാണ്. എന്നാൽ വീണ്ടും ജനനം പ്രാപിച്ച ഒരു വിശ്വാസി എന്ന നിലയിലുള്ളതല്ല ഞാൻ അച്ചൻകുഞ്ഞുമായി ഇടപെടുന്നത് എന്ന വസ്തുത വ്യക്തമാക്കട്ടെ. അച്ചൻകുഞ്ഞ് ഗുരുതരമായ എന്തെങ്കിലും പാപത്തിൽ ജീവിക്കുന്നതുകൊണ്ടാണ് ഞാൻ ഇങ്ങനെ പറയുന്നതെന്ന് തെറ്റിദ്ധരിക്കരുത്. ഗുരുതരമായ പാപങ്ങളായി നാം പരിഗണിക്കുന്ന ഒന്നും അച്ചൻകുഞ്ഞ് ചെയ്യുന്നതായി എനിക്കറിവില്ല. അച്ചൻകുഞ്ഞുമായുള്ള സുഹൃദ്ബന്ധം ഞാൻ തുടരുന്നതും ഈ കാരണത്താലത്രേ.

അച്ചൻകുഞ്ഞുമായി എനിക്കുള്ള വിയോജിപ്പ് വിശ്വാസ വിഷയത്തിലാണ്. ഐ.പി.സിയിലെ അംഗമായ അച്ചൻകുഞ്ഞ് ഐ.പി.സിയുടെ വിശ്വാസപ്രമാണം സ്വീകരിക്കാൻ ബാദ്ധ്യസ്ഥനാണ്. പക്ഷേ, അവയിൽ ഭൂരിപക്ഷവും അച്ചൻകുഞ്ഞ് വിശ്വസിക്കുന്നില്ല എന്ന് എനിക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. നിഖ്യാ വിശ്വാസപ്രമാണത്തിൽ വിശ്വസിച്ചാൽ രക്ഷിക്കപ്പെടും എന്നാണ് അച്ചൻകുഞ്ഞ് വിശ്വസിക്കുന്നത്. ഈ നിലപാട് ശരിയാണെങ്കിൽ കത്തോലിക്കർ ഉൾപ്പെടെയുള്ള എല്ലാ ക്രിസ്ത്യാനികളും രക്ഷിക്കപ്പെടും. അതു സത്യമാണെങ്കിൽ ഐ.പി.സിയും ഇതര പെന്തക്കോസ്ത് പ്രസ്ഥാനങ്ങളും പിരിച്ചുവിടണം.

കത്തോലിക്കാസഭയാണ് മഹതിയാം ബാബിലോൺ എന്നെഴുതിയ കെ.ഇ.എബ്രഹാമിനേപ്പോലുള്ളവർ നേതൃത്വം കൊടുത്ത പ്രസ്ഥാനമാണ് ഐ.പി.സി. പക്ഷേ, ഇപ്പോൾ ഐ.പി.സിയുടെ കൗൺസിലിൽ ഉള്ള പലർക്കും പെന്തക്കോസ്ത് ഉപദേശങ്ങളിൽ വിശ്വാസമില്ല. ഇത്തരക്കാർ നേതൃത്വം കൊടുക്കുന്ന പ്രസ്ഥാനത്തിന്റെ ഗതി എന്താകുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

ഇത് അച്ചൻകുഞ്ഞിന്റെ മാത്രം പ്രശ്നമല്ല. പെന്തക്കോസ്ത് പാസ്റ്റർമാരിൽ പലർക്കും പെന്തക്കോസ്ത് ഉപദേശങ്ങളിൽ വിശ്വാസമില്ല. പെന്തക്കോസ്ത് എഴുത്തുകാരിലും ഉണ്ട് ഇത്തരക്കാർ. തിയോളജിയൻമാരും ബൈബിൾ കോളേജ് അദ്ധ്യാപകരും മറ്റും ഉൾപ്പെടുന്ന ഗ്രൂപ്പിന്റെ കാര്യം പറയുകയും വേണ്ട. മരണാനന്തര ജീവിതം എന്നൊന്ന് ഉണ്ടെന്നുതന്നെ മിക്കവർക്കും വിശ്വാസമില്ല. ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണിത്.

പെന്തക്കോസ്ത് നേതാക്കൻമാരെന്ന് പറയപ്പെടുന്നവർക്ക് ആത്മീയ കാര്യങ്ങളിൽ താല്പര്യമില്ലാതായിട്ട് കാലം കുറെ ആയി. എങ്ങനെയെങ്കിലും കുറെ പണമുണ്ടാക്കുക എന്നതു മാത്രമാണ് ഇവരുടെയൊക്കെ ലക്ഷ്യം. എല്ലാ വർഷവും ആറു മാസമെങ്കിലും ഇവരൊക്കെ അമേരിക്കയിൽ ചുറ്റി കറങ്ങുന്നതിന്റെ കാരണവും മറ്റൊന്നല്ല. കേരളത്തിലെ പെന്തക്കോസ്ത് പ്രസ്ഥാനത്തിന്റെ ആദ്യ കാലങ്ങളിൽ ഇതായിരുന്നില്ല സ്ഥിതി. അക്കാലത്ത് പെന്തക്കോസ്തിനെ നയിച്ചവർ വീണ്ടും ജനനം പ്രാപിച്ചവർ ആയിരുന്നു. അവർക്ക് ദുരുപദേശങ്ങൾ വിവേചിച്ചറിയാനുള്ള കഴിവും ഉണ്ടായിരുന്നു.

ഊതിവീഴ്ത്ത്, സമൃദ്ധിയുടെ സുവിശേഷം തുടങ്ങിയവ അൻപതു വർഷം മുമ്പ് പെന്തക്കോസ്തിൽ എത്തിയിരുന്നെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? പാസ്റ്റർ കെ.ഇ.എബ്രാഹാം, പാസ്റ്റർ ടി.ജി.ഉമ്മൻ തുടങ്ങിയവർ ഈ ദുരുപദേശങ്ങൾക്കെതിരെ ശക്തിയായി പ്രതികരിക്കുമായിരുന്നു. സീയോൻ കാഹളം മാസികയിൽ ഈ ദുരുപദേശങ്ങൾക്കെതിരെ ലേഖനം വരുമായിരുന്നു. ഒരുപക്ഷേ പുസ്തകങ്ങൾ പോലും ഉണ്ടാകുമായിരുന്നു. പക്ഷേ, ഇന്നത്തെ സ്ഥിതി പരമ ദയനീയമാണ്. ഒരു നേതാവും ദുരുപദേശങ്ങൾക്കെതിരെ പ്രതികരിക്കുന്നില്ല. അതുകൊണ്ട് അവിശ്വാസികളുടേയും ദുരുപദേശക്കാരുടേയും എണ്ണം പെന്തക്കോസ്ത് സഭകളിൽ വർദ്ധിച്ചിരിക്കുന്നു.

വേർപാട് എന്നത് പെന്തക്കോസ്ത് ഉപദേശത്തിന്റെ കാതലായ അംശമായിരുന്നു. പക്ഷേ ഇക്കാലത്ത് മിക്കവരും വേർപാടിന് പ്രാധാന്യം കൊടുക്കുന്നില്ല. എല്ലാ ക്രൈസ്തവ വിഭാഗങ്ങളേയും അംഗീകരിക്കാൻ പെന്തക്കോസ്തർക്ക് കഴിയുന്നു. തിരുമേനിമാരുമായി കൈ കോർത്തുകൊണ്ട് "ബൈന്റ് അസ് ടുഗതർ"പാടാൻ തയ്യാറാകുന്നു. അച്ചൻ കുഞ്ഞ് ഇലന്തൂരും ഈ അധഃപതിച്ച പെന്തക്കോസ്തിന്റെ ഭാഗമാണ്. അച്ചൻകുഞ്ഞിനേപ്പോലെ നിരവധി ആൾക്കാർ പെന്തക്കോസ്തിലുണ്ട്.

അച്ചൻകുഞ്ഞിന്റെ ഭവനപ്രതിഷ്ഠയുമായി ബന്ധപ്പെട്ട് എന്താണ് നടന്നത് എന്ന് പറയാം. പുതിയ വീട്ടിൽ താമസം ആരംഭിക്കുന്നതിന് ഏതാനും ദിവസം മുൻപ് അച്ചൻകുഞ്ഞ് തിരുവല്ല ടൗണിൽ നിന്ന് കുന്തിരിക്കവും അത് പുകയ്ക്കാനുള്ള പാത്രവും വാങ്ങി. ഭവന പ്രതിഷ്ഠ നടന്നത് ഒരു വ്യാഴാഴ്ചയായിരുന്നു. (എല്ലാ നല്ല കാര്യങ്ങൾക്കും പെന്തക്കോസ്തുകാർ വ്യാഴാഴ്ച തെരഞ്ഞെടുക്കുന്നതിന്റെ ഗുട്ടൻസ് പിടി കിട്ടുന്നില്ല). അന്നു രാവിലെ അച്ചൻ കുഞ്ഞിന്റെ മാർത്തോമാക്കാരനായ ഉപ്പാപ്പൻ സ്ഥലത്തെത്തി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കുന്തിരിക്കം പുകയ്ക്കൽ നടന്നു. വാങ്ങി വച്ചിരുന്ന പാത്രത്തിൽ കുന്തിരിക്കമിട്ട് പുകച്ചു. ഉച്ച കഴിഞ്ഞ് ടി.എസ്.ഏബ്രഹാമിന്റെ നേതൃത്വത്തിൽ പ്രാർത്ഥനയും നടന്നു.

ഡിഫെൻഡറിൽ വാർത്ത വന്നതോടെ ഇതേപ്പറ്റി പലരും അച്ചൻകുഞ്ഞിനോട് ചോദിച്ചു. തന്റെ വീട്ടിൽ നടന്നത് മതാചാരമല്ലായിരുന്നു എന്നും പെയിന്റിന്റെ മണം മാറാനായി കുന്തിരിക്കം പുകയ്ക്കുകയായിരുന്നു എന്നും അത്രേ അച്ചൻകുഞ്ഞ് വിശദീകരിച്ചത്. ഒരുവട്ടം കുന്തിരിക്കം പുകച്ചാൽ പെയിന്റിന്റെ മണം മാറുമോ എന്ന് അറിഞ്ഞുകൂടാ. മാറുമെന്നിരിക്കട്ടെ. പക്ഷേ കുന്തിരിക്കം പുകയ്ക്കാൻ മാർത്തോമാക്കാരനായ ഉപ്പാപ്പൻ വേണമെന്നുണ്ടോ? അച്ചൻകുഞ്ഞോ ഭാര്യയോ മക്കളോ പുകച്ചാൽ പോരേ? ഭവനപ്രതിഷ്ഠ നടത്തുന്നതിന് ഏതാനും ദിവസം മുൻപ് വാങ്ങിയ കുന്തിരിക്കം എന്തുകൊണ്ട് ഇത്ര ദിവസം സൂക്ഷിച്ചുവെച്ചു എന്നതിനും വിശദീകരണമില്ല.

അച്ചൻകുഞ്ഞ് എന്റെ സ്നേഹിതനായിട്ടും ഞാൻ അദ്ദേഹത്തേക്കുറിച്ച് എന്തുകൊണ്ടെഴുതി എന്ന് ചിലർ എന്നോട് ചോദിക്കയുണ്ടായി. എനിക്ക് വിരോധമുള്ളവരെ അവഹേളിക്കാനാണ് ഡിഫെൻഡറിൽ എഴുതുന്നത് എന്ന ധാരണ ആദ്യമായി മാറ്റുക. ഞാൻ യഹോവയ്ക്കുവേണ്ടിയാണ് വാളേന്തുന്നത്. അതുകൊണ്ട് അപ്പനെന്നോ അമ്മയെന്നോ സഹോദരനെന്നോ സ്നേഹിതനെന്നോ ഉള്ള പരിഗണന കൂടാതെ വെട്ടുന്നു. ഞാൻ ഏറ്റവും അധികം വിമർശിച്ചിട്ടുള്ള സുരേഷ് ബാബു, കെ.സി.ജോൺ, ടി.എസ്.ഏബ്രഹാം തുടങ്ങിയവരോടുപോലും എനിക്ക് വ്യക്തിപരമായ വിരോധമില്ല. പക്ഷേ, ഇവരുടെയൊക്കെ കയ്യിലിരുപ്പ് ശരിയല്ല. അതുകൊണ്ടാണ് ഞാൻ ഇവരെ വിമർശിക്കുന്നത്. എന്റെ സ്നേഹിതനായ അച്ചൻകുഞ്ഞിനെ ഞാൻ വിമർശിക്കുന്നതിന്റെ കാരണവും ഇതുതന്നെ.

# OCCULT HEALING BUILDS WORLD'S LARGEST CHURCH

**Paul Yonggi Cho's teaching is a system of mind over matter or rather, imagination over matter. He admits that it is a "Christianized" version of precisely the same methods practiced by Buddhists, exponents of yoga, and the followers of other pagan, mystical and occult systems.**

## Dr. Peter Masters

In the course of reading a veritable pile of recent books on a range of charismatic practices including house groups, prophesying and healing, this writer has noticed that many of the advocates of these things have been powerfully impressed by the work of Paul Yonggi Cho, pastor of the largest church in the world, the Full Gospel Central Church in Seoul, Korea. They simply cannot keep quiet about him. Even as one reads the books the size of the congregation goes up; it is growing that fast! If a book was published at the beginning of the 1980s the author tells us that the largest church in the world has 150,000 members and over 100 assistant pastors. The latest books speak of 500,000 members. The church claims 17,000 new members a month, and many Western evangelicals are so overawed by this information that they just cannot wait to start experimenting with Yonggi Cho methods. Because of the influence his "success" has had over so many, and also because his methods broadly typify those employed by other mega-churches in Latin America, it is obviously important to become familiar with these methods. Paul Cho's best-known book *The Fourth Dimension* reveals his theology, which marks a radical departure from historic Christianity.

Pastor Cho tells us how he learned to pray. When he began to pastor his church in Seoul he was very poor and living in one room. Then he wondered what he was doing trying to work without a bed, a desk and chair, or any means of transport, and he began to pray to God for these things to be supplied. He prayed very much for a desk, chair and bicycle, but after six months he was still lacking all three and became very discouraged. He tells us:

"Then I sat down and began to cry. Suddenly I felt a serenity, a feeling of tranquility came into my soul. Whenever I have that kind of feeling, a sense of the presence of God, He always speaks: so I waited. Then that still, small voice welled up in my soul, and the Spirit said, 'My son, I heard your prayer a long time ago.' "Right away I blurted out, 'Then, where are my desk, chair and bicycle?' "The Spirit then said, 'Yes, that is the trouble with you and with all My children. They beg Me, demanding every kind of request, but they ask in such vague terms that I can't answer. Don't you know that there are dozens of desks, chairs and bicycles? But you've simply asked Me for a desk, chair and bicycle. You never ordered a specific desk, chair and bicycle.'

Yonggi Cho tells us how he then began to specify the size of the desk , and the kind of chair (one made with an iron frame, with rollers on the tips, so that when he sat on it he could push himself around "like a big shot"). He thought long and hard about the kind of bicycle he wanted before settling for the ideal type and praying, "Father, I want to have a bicycle made in the USA, with gears on the side...."

He then tells us how he prayed for his needs: "I ordered these things in such articulate terms that God could not make a mistake in delivering them. Then I felt faith flowing up... that night I slept like a baby." Paul Cho says that the Lord never welcomes vague prayers. Taking the incident of the healing of blind Bartimaeus he seizes on the fact that Jesus asked this obviously blind man, "What do you want Me to do for you?" as a proof that God insists on our making very specific requests. Until Bartimaeus was specific, Jesus did not heal him. At first glimpse, this idea of highly specific praying may not seem to be the greatest error in the world, but Cho goes on to teach that the believer gets these specific requests supplied by visualizing them and then bringing them into existence by faith! It is vital to see this because here is the point at which charismatic development leaves Christianity and crosses into the territory of paganism. Ideas like this are the inspiration of the largest church in the world, imitated by so many Western charismatics. Note the following example given by Paul Yonggi Cho. While fulfilling a preaching engagement in another church he was asked by the pastor if he would pray for a spinster over thirty years of age who longed to get married but had so far not found a prospective husband. Pastor Cho asked her how long she had been praying for a husband, and she replied that it had been more than ten years. He then said, "Why hasn't God answered your prayer for these more than ten years? What kind of husband have you been asking for?" She shrugged her shoulders and replied, "Well, that is up to God. God knows all."

Cho responded with these words: "That is your mistake. God never works by Himself, but only through you. God is the eternal source, but He only works through your requests. Do you really want me to pray for you?" Calling her to sit down with paper and pencil, he proceeded to ask a series of questions:

"If you write down the answers to my questions then I'll pray for you. Number one, now, you really want a husband, but what kind of husband do you want—Asian, Caucasian, or Black?"
"Caucasian."
"Okay, write it down. Number two: do you want your husband to be as tall as six feet, or as small as five feet?"
"Oh, I want to have a tall husband."
"Write that down. Number three: do you want your husband to be slim and nice looking, or just pleasantly plump?"
"I want to have him skinny."
"Write down skinny. Number four: what kind of hobby do you want your husband to have?"
"Well, musical."
"Okay, write down musical. Number five: what kind of job do you want your husband to have?"
"Schoolteacher."
"Close your eyes. Can you see your husband now?"
"Yes, I can see him clearly."
"Okay. Let's order him now. Until you see your husband clearly in your imagination you can't order, because God will never answer. You must see him clearly before you begin to pray."

Pastor Cho then laid hands on the young woman and prayed, saying, "O God, now she knows her husband. We order him in the name of Jesus Christ." He then instructed her to paste the specifications for a husband on a mirror at home, read them night and morning and praise God for the inevitable answer. He teaches the need for a vivid mental picture coupled with a burning desire and a firm conviction that the goal is already accomplished.

Dr. Cho calls this process: visualizing the goal, then incubating it into reality by strength of faith—or would it be will- power? He teaches that believers may order up wealth and success; anything they want as long as it is moral. The key to getting these things is the art of fantasying them, because God cannot bring them into being unless the individual incubates the image. Certainly, Dr. Cho "tidies up" his teaching by saying that people should first pray to God for what He wants them to have before fantasying and incubating these things into reality. But in most of his many examples he dispenses with the need to refer to God for guidance on the details. Though he attempts to give some biblical justification for his ideas, he tells us that he obtained them in the first place because God communicated them directly to him.

This is his own explanation of how he arrived at his teaching on incubating prayer answers and healing diseases. He tells us that he was driven to finding an explanation of how Buddhist monks in Korea managed to perform better miracles than those which his own Pentecostalist churches could perform. It worried him greatly that many Koreans got healing through yoga meditation, and through attending meetings of the Soka Gakki, a Japanese Buddhist sect with twenty million members. According to Cho, many deaf, dumb, and blind people had recovered their faculties through these religious groups. Cho was very jealous of the success which these other religions had in attracting followers. He wrote: "While Christianity has been in Japan for more than a hundred years, with only half a percent of the population claiming to be Christians, Soka Gakki has millions of followers... Without seeing miracles, people cannot be satisfied that God is powerful. It is you [Christians] who are responsible to supply miracles for these people."

Other Korean Pentecostal pastors were also very troubled by these pagan healings because ordinary church members constantly assailed them for an explanation. So, an anxious Paul Yonggi Cho fasted and prayed, looking to God for an explanation. It is noteworthy that in his account of his quest for a solution he makes no mention of looking in the Bible. "Suddenly," he tells us, "a glorious revelation came to my heart... explanations as clear as a sunny day" [*The Fourth Dimension,* p. 37]. Dr. Cho claims that God spoke to him describing the material world as belonging to the third dimension. In the beginning this three-dimensional world was chaotic, being without form and void, but the Spirit of the Lord (Who is said to dwell in the fourth dimension) brooded over it, visualizing and incubating into existence a new order containing beauty, cleanliness, abundance and above all—life.

Then God told Dr. Cho that because all human beings are spiritual beings (as well as physical beings) they have the fourth dimension in their hearts, and by developing the art of concentrating visions and dreams in their imaginations, they can influence and change the third dimension (material things) just as the Holy Spirit did when He brooded over the primeval earth. According to Cho, God told him that Buddhist and yoga adherents worked "miracle" cures because they explored and developed their human four-dimensional power, imagining mental pictures of health and willing then into their bodies. God told him that all human beings had the power to exercise legitimate dominion over the material world through this fourth-dimensional activity.

Cho claims that the Holy Spirit said to him, "Look at the Soka Gakkai. They belong to Satan... and with the evil fourth dimension they carry out dominion over their bodies and circumstances." Then God told him that Christians should link their fourth-dimensional spiritual power to God the Creator to have even greater control over circumstances than the Soka Gakkai. He concluded: "Soka Gakkai has applied the law of the fourth dimension and has performed miracles; but in Christianity there is only talk about theology and faith!"

Dr. Cho says that when Paul spoke of the "inner man," he was actually referring to his fourth-dimensional power to visualize things and incubate them into life. (He does not explain why Paul fails to say one word about this himself, nor why Christendom has had to wait 2,000 years before this should be revealed through a personal revelation from God to Dr. Cho.)

Paul Yonggi Cho's teaching is a system of mind over matter (or rather, imagination over matter). He frankly admits that it is a "Christianized" version of precisely the same methods practiced by Buddhists, exponents of yoga, and the followers of other pagan, mystical and occult systems. The only difference is that their fourth-dimensional power receives co-operation from the devil, while that of Christians supposedly receives help from the Holy Spirit. He says that so long as we keep our minds from foolish and wrong ideas, we shall keep the canvas of our imagination clean for the Holy Spirit to paint on it the things we are to have. (to be continued)

# ബ്രൻഹാമിൻെറ ദുരുപദേശങ്ങൾ



പുരുഷന് വിവാഹമോചനം നടത്താൻ അവകാശമുണ്ട്.

വിവാഹമോചനം നടത്താൻ പാടില്ല എന്ന കല്പന സ്ത്രീകൾക്കു മാത്രം ബാധകമായ പ്രമാണമാണെന്ന് ബ്രൻഹാം പറയുന്നു. എന്നാൽ ദൈവവചനം വ്യക്തമായി പഠിച്ചാൽ ഈ സിദ്ധാന്തം തെറ്റാണെന്ന് മനസ്സിലാക്കാം. ''ഞാനോ നിങ്ങളോടു പറയുന്നത്: പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു.'' മത്താ. 19:9.

വ്യാഖ്യാനം കൂടാതെ മനസ്സിലാക്കാവുന്നത്ര ലളിതമാണ് ഈ വാക്യം. കർത്താവായ യേശുക്രിസ്തു പറഞ്ഞത് വിശ്വസിക്കണമോ അതോ ബ്രൻഹാം പഠിപ്പിക്കുന്നത് അംഗീകരിക്കണമോ എന്നതാണ് ഇവിടത്തെ പ്രശ്നം.

ബഹുഭാര്യത്വം അനുവദനീയമാണ്.

പുരുഷന്മാർക്ക് എത്ര വിവാഹം വേണമെങ്കിലും കഴിക്കാം എന്ന് ബ്രൻഹാം പഠിപ്പിക്കുന്നു. എന്നാൽ സ്ത്രീക്ക് ഒരു വിവാഹം മാത്രമേ കഴിക്കാനാവൂ. പക്ഷേ, ബഹുഭാര്യാത്വമോ ബഹുഭർതൃത്വമോ ദൈവവചനം അനുവദിക്കുന്നില്ല എന്നതാണ് സത്യം. മരണത്താൽ അല്ലാതെ വേർതിരിക്കാനാവാത്ത ഒരു ബന്ധമാണ് വിവാഹം. കത്തോലിക്കർ ഉൾപ്പെടെ എല്ലാ ക്രൈസ്തവ സഭകളും അംഗീകരിച്ച പ്രമാണമാണിത്. അതുകൊണ്ട് ഇതേപ്പറ്റി കൂടുതൽ വിശദീകരിക്കുന്നില്ല.

ക്രൈസ്തവ സഭാവിഭാഗങ്ങളാണ് മൃഗത്തിന്റെ മുദ്ര

എല്ലാ ക്രൈസ്തവ സഭാവിഭാഗങ്ങളും സാത്താന്റെ പിണിയാളുകളാണ് എന്ന് ബ്രൻഹാം പഠിപ്പിക്കുന്നു. അതുകൊണ്ട് ബ്രൻഹാമിന്റെ സഭക്കാർ ഒരു പ്രസ്ഥാനമെന്ന നിലയിലല്ല പ്രവർത്തിക്കുന്നത്.

വിശ്വാസി, പ്രാദേശിക സഭ, ആകമാന സഭ എന്നിവ മാത്രമേ ദൈവവചനാനുസൃതമായി ഉള്ളൂ. ഈ സഭയിൽ അപ്പൊസ്തലൻ, പ്രവാചകൻ, ഇടയൻ, സുവിശേഷകൻ, അദ്ധ്യാപകൻ (ഉപദേഷ്ടാവ്) തുടങ്ങിയ ശുശ്രൂഷന്മാരുമുണ്ട്. (എഫേ. 4:11). കത്തോലിക്കാസഭ മുതൽ വിവിധ പെന്തക്കോസ്ത് സഭകൾ വരെയുള്ളവയൊന്നും ദൈവസഭയല്ല, മറിച്ച് മനുഷ്യനിർമ്മിതമായ സംഘടനകൾ മാത്രമാണ്. ബൈബിളിലെ ചട്ടങ്ങളും വിധികളും അനുസരിച്ചല്ല, സൊസൈറ്റീസ് ആക്ടിലെ ചട്ടങ്ങൾ അനുസരിച്ചാണ് ഈ സംഘടനകൾ നിലവിൽ വന്നിട്ടുള്ളത്. മനുഷ്യനിർമ്മിതമായ ഈ സംഘടനകളുടെ നേതൃസ്ഥാനത്തിരിക്കുന്നവർക്ക് മാനുഷിക അധികാരങ്ങളേ ഉള്ളൂ. ദൈവദാസന്മാർ ചിലപ്പോൾ ഈ സംഘടനകളുടെ നേതൃസ്ഥാനത്തെത്തി എന്ന ഒറ്റക്കാരണം കൊണ്ട് ഒരാൾ ദൈവദാസൻ ആകുന്നില്ല. ദൈവസഭയും സംഘടനയും തമ്മിലുള്ള വ്യത്യാസം നാം മനസ്സിലാക്കണം. ദൈവസഭയുടെ നേതാക്കന്മാരെയും സംഘടനകളുടെ നേതാക്കന്മാരെയും തമ്മിൽ തിരിച്ചറിയാൻ നമുക്ക് കഴിയണം.

കർത്താവായ യേശുക്രിസ്തു ഒരു സഭയേ സ്ഥാപിച്ചിട്ടുള്ളൂ. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച എല്ലാവരും അതിലെ അംഗങ്ങളാണ്. മനുഷ്യനിർമ്മിതമായ സംഘടനകളൊന്നും സഭയല്ല. പക്ഷേ മിക്കവർക്കും ഈ സത്യം അറിഞ്ഞുകൂടാ. ദൈവസഭയെന്നത് കത്തോലിക്കാസഭയാണെന്നും, കത്തോലിക്കാസഭയ്ക്കു പുറത്ത് രക്ഷയില്ലെന്നും കത്തോലിക്കർ വിശ്വസിക്കയും പ്രചരിപ്പിക്കയും ചെയ്യുന്നു. പല ക്രൈസ്തവ സംഘടനകളും തങ്ങളുടെ സഭ മാത്രമാണ് ദൈവസഭയെന്നും, തങ്ങളുടെ സഭയിൽ അംഗമല്ലാത്തവർ നരകത്തിൽ പോകുമെന്നും പഠിപ്പിക്കുന്നുണ്ട്. ഇതൊക്കെ കണ്ടും കേട്ടും ജീവിക്കുന്നവർക്ക് സഭയും സംഘടനയും തമ്മിൽ തിരിച്ചറിയാൻ കഴിയാതെ പോകുന്നതിൽ അത്ഭുതമില്ല.

മനുഷ്യനിർമ്മിതമായ ഇത്തരം സംഘടനകൾ ആവശ്യമുണ്ടോ എന്നതാണ് മറ്റൊരു പ്രശ്നം. ആത്മീയ ആവശ്യങ്ങൾക്ക് ഇത്തരം ഒരു സംഘടന ആവശ്യമില്ല. എന്നാൽ വിശ്വാസികളുടെ ഭൗതീക ആവശ്യങ്ങൾ നിറവേറ്റാൻ ഇത്തരം സംഘടനകൾ പ്രയോജനപ്പെട്ടേക്കാം. അതുകൊണ്ട് ആത്മീയ സംഘടനകൾ ഉണ്ടാക്കുന്നതോ അതിൽ അംഗമാകുന്നതോ തെറ്റാണെന്നു പറയാൻ ആവില്ല. ഇത്തരം സംഘടനകൾ സഭയുടെ സ്ഥാനം കൈവശപ്പെടുത്തുന്നത് ഒഴിവാക്കുകയും വേണം.

സംഘടനകളെ ഒന്നടങ്കം അധിക്ഷേപിക്കുന്നതും വെളി. 17-ലെ മൃഗമായും വേശ്യയായും മറ്റും ചിത്രീകരിക്കുന്നതും ശരിയല്ല. ഇത്തരം ഒരു സിദ്ധാന്തം തെളിയിക്കാൻ ദൈവവചനത്തിൽ ആധാരമില്ല. പുതിയ യെരൂശലേം കർത്താവായ യേശുക്രിസ്തുവിന്റെ മണവാട്ടിയാണ്. അതുപോലെ മഹതിയാം ബാബിലോൺ എതിർക്രിസ്തുവിന്റെ മണവാട്ടിയാണ്. രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണ് പുതിയ യെരൂശലേം. രക്ഷിക്കപ്പെടാത്തവരുടെ സംഘമാണ് മഹതിയാം ബാബിലോൺ.

ലവോദിക്യാ സഭയുടെ ദൂതൻ ബ്രൻഹാമാണ്

വെളി. 3:14-22 ആധാരമാക്കിയുള്ള ഒരു വ്യാഖ്യാനമാണിത്. ഏഷ്യയിലുള്ള ഏഴു സഭകൾക്ക് കർത്താവായ യേശുക്രിസ്തു കൊടുക്കുന്ന ദൂതാണ് വെളി. 2, 3 അദ്ധ്യായങ്ങളിലെ പ്രതിപാദ്യ വിഷയം ഓരോ സഭയ്ക്കും ഓരോ ദൂതൻ ഉണ്ട്. അതിൽ അവസാനത്തെ സഭയായ ലവോദിക്യാ സഭയുടെ ദൂതനാണ് ബ്രൻഹാം എന്നത്രേ അവകാശവാദം. എന്നാൽ മറ്റ് ആറു ദൂതന്മാർ ആരൊക്കെയാണെന്ന് ബ്രൻഹാം പറയുന്നില്ല. കേട്ടുകേഴ്വികളെ ആധാരമാക്കിയുള്ള ഒരു ദുർവ്യാഖ്യാനമാണിത്.

വെളി. 2, 3 അദ്ധ്യായങ്ങളിൽ കാണുന്ന ഏഴു സഭകൾ ഒന്നാം നൂറ്റാണ്ടു മുതലുള്ള ഏഴ് സഭാ കാലഘട്ടങ്ങളാണ് എന്നൊരു വ്യാഖ്യാനമുണ്ട്. ചില പെന്തക്കോസ്ത് വിഭാഗങ്ങൾ ഉൾപ്പെടെ പലരും അത് അംഗീകരിച്ചിട്ടുമുണ്ട്. ഈ വ്യാഖ്യാനം അനുസരിച്ച് ഒന്നാം നൂറ്റാണ്ടിലെ ദൈവസഭയുടെ പ്രതീകമാണ് എഫെസോസ് സഭ. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതലുള്ള സഭയാണ് അവസാനത്തെ സഭയായ ലവോദിക്യാ സഭ. അന്ത്യകാലത്തെ സഭയ്ക്കുള്ള ദൂതുമായി ദൈവം അയച്ച ദൂതനാണ് ബ്രൻഹാം. അതുകൊണ്ടാണ് ബ്രൻഹാമിനെ ലവോദിക്യാ സഭയുടെ ദൂതനായി പരിഗണിക്കുന്നത്. ഏഴു സഭകൾ ഏഴു സഭാകാലഘട്ടങ്ങളാണ് എന്ന വ്യാഖ്യാനം പൊളിഞ്ഞാൽ ബ്രൻഹാമിന്റെ അവകാശവാദത്തിന്റെ കഥയും അവസാനിക്കും.

വെളി. 10:6-ൽ പറയുന്ന ദൂതൻ ബ്രൻഹാമാണ്.

ബ്രൻഹാം ലവോദിക്യാ സഭയുടെ ദൂതൻ മാത്രമല്ല, വെളി. 10:6-ൽ കാണുന്ന ദൂതനുമാണ് എന്ന് ബ്രൻഹാമിന്റെ അനുയായികൾ വിശ്വസിക്കുന്നു. ബ്രൻഹാമിന്റെ അജ്ഞതയാണ് ഇവിടെയും പ്രശ്നമായത്. വെളിപ്പാട് പുസ്തകം ഒരുവട്ടം ശ്രദ്ധിച്ചു വായിച്ചാൽ തീരുന്ന പ്രശ്നമേ ഇവിടെയുള്ളൂ.

വെളി. 6, 7, 8 അദ്ധ്യായങ്ങളിൽ കുഞ്ഞാട് ഏഴു മുദ്രകൾ പൊട്ടിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. ഓരോ മുദ്ര പൊട്ടിക്കുമ്പോഴും ഭൂമിയിൽ ന്യായവിധി ഉണ്ടാകുന്നു. ഏഴാം മുദ്ര മറ്റുള്ളവയിൽ നിന്നും വ്യത്യസ്തമാണ്. ഈ മുദ്ര പൊട്ടിച്ചപ്പോൾ ഏഴു ദൂതന്മാർ കാഹളവുമായി പ്രത്യക്ഷപ്പെടുകയാണ് ചെയ്യുന്നത്. ഇവർ ഓരോരുത്തരും കാഹളം ഊതുന്ന മുറയ്ക്ക് ഭൂമിയിൽ ദൈവീക ന്യായവിധി ഉണ്ടാകുന്നു. ഏഴാമത്തെ ദൂതൻ ഊതിയതോടെ ലോക രാജ്യത്വം നമ്മുടെ കാർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നു. (വെളി. 11:15). ഏഴാമത്തെ ദൂതൻ ബ്രൻഹാമാണെങ്കിൽ മറ്റ് ആറു ദൂതന്മാർ ആരൊക്കെ? ഏഴാമത്തെ ദൂതൻ ബ്രൻഹാമാണെങ്കിൽ വെളി. 11:14 വരെയുള്ള സംഭവങ്ങൾ ബ്രൻഹാം ശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പ് നടന്നിരിക്കണമല്ലോ? അതൊക്കെ നടന്നോ? ഇല്ലെന്നു വ്യക്തം. സംശയമുള്ളവർ വെളിപ്പാട് 6-ാം അദ്ധ്യായം മുതൽ ശ്രദ്ധിച്ചു വായിക്കുക.

ഏഴാമത്തെ ദൂതൻ ഊതിക്കഴിയുന്നതോടെ ലോക രാജ്യത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീരണമല്ലോ. ബ്രൻഹാമിന്റെ ശുശ്രൂഷ 1965-ൽ അവസാനിച്ചു. പക്ഷേ, ഇപ്പോഴും ലോക രാജ്യത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിട്ടില്ല. ബ്രൻഹാമിന്റെ അവകാശവാദത്തിന്റെ പൊള്ളത്തരം മനസ്സിലാക്കാൻ ഇതിൽ അധികം തെളിവ് ആവശ്യമില്ലല്ലോ.

ബ്രൻഹാമിന്റെ വായിൽ നിന്നും വരുന്ന വാക്കുകൾ മനുഷ്യരുടെ ശരീരത്തെ കർത്താവിന്റെ വരവിൽ എടുക്കപ്പെടാൻ യോഗ്യമായ വിധത്തിൽ രൂപാന്തരപ്പെടുത്തുന്ന ഒരു കാലം ആസന്നഭാവിയിൽ വരും.

ദൈവത്തിനു ലഭിക്കേണ്ട മഹത്വം ദൈവദാസന്മാർ കൈവശപ്പെടുത്തിയാൽ എന്തു സംഭവിക്കും എന്നതിന് നല്ല ഒരു ഉദാഹരണമാണ് ഈ സിദ്ധാന്തം. സ്തുതിപാഠകരുടെ ചക്കരവാക്കുകൾ കേട്ട് ബ്രൻഹാം മയങ്ങിപ്പോയി. അല്ലെങ്കിൽ ഇത്ര വലിയ വിഡ്ഢിത്തം എഴുന്നള്ളിക്കുമോ? ദൈവമക്കളുടെ ശരീരത്തെ രൂപാന്തരപ്പെടുത്തുന്നത് ബ്രൻഹാമിന്റെ ശബ്ദമല്ല, കർത്താവായ യേശുക്രിസ്തുവിന്റെ ഗംഭീരനാദമാണ്. (1തെസ്സ. 4:16).

ബ്രൻഹാം ഉടനെയൊന്നും മരിക്കയില്ല എന്നും ബ്രൻഹാം വളരെയധികം അത്ഭുതങ്ങൾ തുടർന്ന് ചെയ്യും എന്നും ബ്രൻഹാം ഉൾപ്പെടെ നിരവധി ആളുകൾ വിശ്വസിച്ചിരുന്നു. അതുകൊണ്ടാണ് ഇത്തരം ഒരു വിഡ്ഢിത്തം പഠിപ്പിക്കാൻ ബ്രൻഹാം ധൈര്യപ്പെട്ടത്. പക്ഷേ, പ്രതീക്ഷിച്ചതു പോലെയല്ല സംഭവിച്ചത്. ബ്രൻഹാം അപ്രതീക്ഷിതമായി മരിച്ചു. ബ്രൻഹാമിന്റെ ശബ്ദം കേട്ട് ആരും രൂപാന്തരപ്പെട്ടുമില്ല. എങ്കിലും ബ്രൻഹാം വീണ്ടും വരും എന്ന് ബ്രൻഹാമിന്റെ അനുയായികൾ ഇന്നും വിശ്വസിക്കുന്നു. (തുടരും)


## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-2592249, 9447414608



## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കു വേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ
കൂടുതൽ വിവരങ്ങൾക്ക്: 0484-2592249

# കമ്പനി നിയമം ...............................

തിക്ക് വിധേയമാക്കപ്പെട്ടതോ ആയ രേഖ എന്നാണ്.'' ഈ രേഖയില്ലാതെ ഒരു കമ്പനിക്കും അംഗീകാരം കിട്ടുന്നതല്ല. കമ്പനി നിയമം കഴിഞ്ഞാൽ അടുത്ത അതിപ്രധാന രേഖയാണിത്.

കമ്പനി നിയമത്തിലെ 13-ാം വകുപ്പു പ്രകാരം ഏതൊരു കമ്പനിയുടെയും മെമ്മോറാണ്ഡം ഓഫ് അസ്സോസിയേഷൻ താഴെപ്പറയുന്ന വ്യവസ്ഥകൾ അടങ്ങിയിരിക്കണം.

1. പേരിനെക്കുറിച്ച് പ്രതിപാദിക്കുന്ന വകുപ്പ്

ഈ വകുപ്പിൽ ആരംഭിക്കാൻ പോകുന്ന കമ്പനിയുടെ പേര് വ്യക്തമാക്കണം. സ്വകാര്യ കമ്പനിയാണെങ്കിൽ പേരിന്റെ അവസാനം ''പ്രൈവറ്റ് ലിമിറ്റഡ്'' എന്നു ചേർക്കണമെന്ന് കമ്പനി നിയമം വ്യവസ്ഥ ചെയ്യുന്നു.

2. രജിസ്ട്രേഡ് ഓഫീസ് ക്ലോസ്.

കമ്പനിയുടെ അംഗീകൃത ഓഫീസ് ഏത് സംസ്ഥാനത്ത് ആയിരിക്കുമെന്ന് മെമ്മോറാണ്ഡത്തിൽ വ്യക്തമാക്കിയിരിക്കണം.

3. ഒബ്ജക്ട് ക്ലോസ്.

ഈ വകുപ്പിൽ കമ്പനിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് പ്രതിപാദിച്ചിരിക്കണം.

4. ലയബിലിറ്റി ക്ലോസ്.

ഈ വകുപ്പിൽ അംഗങ്ങളുടെ ബാധ്യത ക്ലിപ്തപ്പെടുത്തിയതായി പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം.

5. ക്യാപ്പിറ്റൽ ക്ലോസ്.

ഈ വകുപ്പിൽ കമ്പനിയുടെ അംഗീകൃത മൂലധനം എത്രയെന്ന് പറയുന്നു.

6. സബ്സ്ക്രിപ്ഷൻ ക്ലോസ്.

അഥവാ വരിസംഖ്യാ വകുപ്പ്.

ഈ മെമ്മോറാണ്ഡം അനുസരിച്ച് തങ്ങൾ ഒരു പുതിയ കമ്പനി തുടങ്ങാൻ താല്പര്യപ്പെടുന്നുവെന്നുള്ള ഒരു സത്യവാങ്മൂലമാണതിൽ ഉൾപ്പെടുത്തേണ്ടത്.

<u>ആർട്ടിക്കിൾസ് ഓഫ് അസ്സോസിയേഷൻ</u>

ഒരു കമ്പനിയുടെ ആഭ്യന്തര ഭരണക്രമത്തെപ്പറ്റി പ്രതിപാദിക്കുന്ന രേഖയാണ് ആർട്ടിക്കിൾസ് ഓഫ് അസ്സോസിയേഷൻ. ഡയറക്ടർമാരുടെ അധികാരം, ഓഹരിയുടമകളുടെ അവകാശാധികാരങ്ങൾ, ഉദ്യോഗസ്ഥന്മാരുടെ അധികാരം മുതലായവ ആർട്ടിക്കിൾസിൽ വ്യക്തമാക്കിയിരിക്കും. കമ്പനിയുടെ ബൈലാ ആണ് ആർട്ടിക്കിൾസ് ഓഫ് അസ്സോസിയേഷൻ.

താഴെപ്പറയുന്ന വിവിധതരം കമ്പനികൾ നിർബന്ധമായും ആർട്ടിക്കിൾസ് ഓഫ് അസ്സോസിയേഷൻ രജിസ്ട്രാർക്ക് സമർപ്പിക്കണം.

1. ബാദ്ധ്യത ക്ലിപ്തപ്പെടുത്താത്ത കമ്പനികൾ.
2. നിശ്ചിത ബാദ്ധ്യതയ്ക്ക് ജാമ്യം നൽകിക്കൊണ്ടുള്ള കമ്പനികൾ.
3. ബാദ്ധ്യത ഓഹരി വിലയോട് ക്ലിപ്തപ്പെടുത്തിയിരിക്കുന്ന സ്വകാര്യ കമ്പനികൾ.

<u>പ്രോസ്പെക്ടസ്</u>

കമ്പനിയുടെ വര്യോല അഥവാ പ്രകടനപത്രിക എന്ന രേഖയെ 2-ാം വകുപ്പ് ഉപവകുപ്പ് 36 നിർവ്വചിക്കുന്നത് ഇപ്രകാരമാണ്. പൊതുജനങ്ങളിൽ നിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുന്നതാണെന്നോ, ഓഹരികൾ വാങ്ങണമെന്നോ, അഥവാ കടപ്പത്രങ്ങളിൽ കൂടി മൂലധനത്തിൽ പങ്കാളികളാക്കണമെന്നോ ഉള്ള കമ്പനിയുടെ പരസ്യങ്ങൾ, സർക്കുലറുകൾ, വര്യോലകൾ എന്നിവയെ പ്രോസ്പെക്ടസ് എന്നു പറയാം. പൊതുജനങ്ങളിൽ നിന്നും കമ്പനിയുടെ മൂലധന സ്വരൂപത്തിൽ പങ്കാളിത്തം ആവശ്യപ്പെട്ടുകൊണ്ട് നടത്തുന്ന ക്ഷണക്കത്താണ് പ്രോസ്പെക്ടസ്. പൊതുകമ്പനികൾക്കു മാത്രമേ പ്രോസ്പെക്ടസ് വഴി പരസ്യപ്പെടുത്തി ഓഹരികളും കടപ്പത്രങ്ങളും വിറ്റഴിക്കാൻ കഴിയൂ. ഒരു സ്വകാര്യ കമ്പനിയെ സംബന്ധിച്ചിടത്തോളം പ്രോസ്പെക്ടസ് ആവശ്യമില്ല.

<u>ഓഹരികൾ</u>

കമ്പനിയുടെ മൂലധനത്തെ ഓഹരികളായി അംശിച്ചിരിക്കുന്നു. കമ്പനി നിയമത്തിൽ ഓഹരികളെ നിർവ്വചിച്ചിട്ടുണ്ട്. വകുപ്പ് 2(46) അനുസരിച്ച് ഓഹരി എന്നാൽ ഓഹരികളെയും മറ്റു മുതലുകളെയും പ്രത്യേകം വകതിരിച്ചില്ലെങ്കിൽ ഓഹരികളും മുതലുകളും ഉൾപ്പെട്ടതായിരിക്കും ഒരു കമ്പനിയുടെ മൂലധനം.

കമ്പനി നിയമം അനുസരിച്ച് രണ്ടുതരം ഓഹരികളാണ് നിലവിലുള്ളത്. സാധാരണ ഓഹരികളും മുൻഗണനാ ഓഹരികളും. മുൻഗണനാ ഓഹരികൾ അല്ലാത്ത എല്ലാ ഓഹരികളും സാധാരണ ഓഹരികളാണ്. മുൻഗണനാ ഓഹരികൾക്ക് വിതരണം ചെയ്ത ശേഷമുള്ള വിഭജിക്കാവുന്ന ലാഭവിഹിതത്തെ സാധാരണ ഓഹരികൾക്കു നൽകുന്നു. സാധാരണ ഓഹരികളുടെ വില കമ്പനിയുടെ വിജയത്തെ ആസ്പദമാക്കി കൂടിയും കുറഞ്ഞുമിരിക്കും. സാധാരണ ഓഹരി ഉടമകൾ മുടക്കിയിരിക്കുന്ന തുകയ്ക്ക് യാതൊരു സുരക്ഷിതത്വവുമില്ല. എങ്കിൽകൂടി ഒരു കമ്പനിയുടെ അംഗീകൃത മൂലധനത്തിന്റെ സിംഹഭാഗവും സാധാരണ ഓഹരികളിൽ കൂടിയാണ് സംഭരിക്കുന്നത്. ലാഭവീതം വിതരണം ചെയ്യുമ്പോൾ രണ്ടാമതു മാത്രമേ സാധാരണ ഓഹരികൾക്ക് അവ ലഭിക്കുകയുള്ളൂ. കമ്പനിക്ക് ലാഭം കൂടുമ്പോൾ സാധാരണ ഓഹരിയുടമകൾക്ക് കൂടുതൽ വരുമാനവും, നഷ്ടത്തിൽ പ്രവർത്തിക്കുമ്പോൾ ലാഭവിഹിതം ലഭിക്കാതെ ഇരിക്കുകയും ചെയ്യുന്നു.

എന്നാൽ മുൻഗണനാ ഓഹരി ഉടമകൾക്ക് പലതരം മുൻഗണനകൾ ലഭിക്കുന്നതാണ്. കമ്പനി നിയമം 85(1) വകുപ്പ് അനുസരിച്ച് ഈ വിഭാഗം ഓഹരി ഉടമകൾക്കുള്ള മുൻഗണനകൾ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇവയെ നാലായി തരംതിരിക്കാം.

1. പങ്കാളിത്ത മുൻഗണനാ ഓഹരികൾ

ഓഹരി ഉടമകൾക്ക് മറ്റു പ്രിഫറൻസ് ഷെയർ ഉടമകൾക്ക് കിട്ടുന്നതു പോലെ നിശ്ചിത നിരക്കിലുള്ള ലാഭവീതം ലഭിക്കുന്നു. ഇതു കൂടാതെ സാധാരണ ഓഹരി ഉടമകൾക്ക് അർഹമായ ലാഭവീതം കൊടുത്തു കഴിഞ്ഞതിനു ശേഷമുള്ള തുകയുടെ ഒരംശത്തിന് കൂടി ഇവർക്ക് അർഹത ഉണ്ടായിരിക്കും.

2. പങ്കാളിത്തരഹിത മുൻഗണനാ ഷെയർ:

നിശ്ചിത നിരക്കിലുള്ള ഡിവിഡന്റിന് പുറമെ ഇക്വിറ്റി ഓഹരികളുമായി ശിഷ്ടലാഭം പങ്കിടുവാൻ അർഹത ഇല്ലാത്ത മുൻഗണനാ ഷെയറുകളാണിത്. മുൻഗണനാ ഓഹരികൾ പങ്കാളിത്തരഹിതമാണെങ്കിൽ ശിഷ്ടലാഭം മുഴുവൻ ഇക്വിറ്റി ഉടമകൾക്കു തന്നെ കിട്ടും.

3. ക്യുമിലേറ്റീവ് പ്രിഫറൻസ് ഷെയർ: (കുടിശ്ശിക മുൻഗണനാ ഓഹരികൾ)

ഈ ഓഹരികളിന്മേൽ ലാഭവീതം കുടിശ്ശികയോടെ പെരുകുന്നു. ഏതെങ്കിലും ഒരു കൊല്ലം കമ്പനിക്ക് ലാഭമില്ലാത്തതുകൊണ്ട് ഡിവിഡന്റ് നൽകാൻ കഴിയാതെ വന്നാൽ ഈ ഓഹരികളിന്മേലുള്ള നിശ്ചിത ഡിവിഡന്റ് വരുംകൊല്ലങ്ങളിൽ ലാഭമുണ്ടാക്കാൻ നൽകുന്നതാണ്.

4. കുടിശ്ശിക രഹിത മുൻഗണനാ ഓഹരികൾ

ഈ ഓഹരികളിന്മേൽ ഓരോ വർഷവും അതാത് വർഷത്തെ ലാഭത്തിൽ നിന്നു മാത്രം നിശ്ചിത ഡിവിഡന്റ് നൽകുന്നതാണ്. കുടിശ്ശിക കൂട്ടിവെച്ച് വരുംകൊല്ലങ്ങളിൽ ഒന്നിച്ച് നൽകുകയില്ല. ഏതെങ്കിലും ഒരു കൊല്ലം ലാഭമില്ലെങ്കിൽ ആ കൊല്ലത്തെ ഡിവിഡന്റിനുള്ള അർഹത നഷ്ടമായിപ്പോകുന്നു.

<u>ഓഹരി മൂലധനം, ഓഹരി ഉടമകൾ, അംഗത്വം</u>

കമ്പനിയിലെ ഓഹരികളുടെ മൊത്തം വിലയാണ് 'ഓഹരി മൂലധനം.' കമ്പനി രജിസ്റ്റർ ചെയ്യുമ്പോൾ മെമ്മോറാണ്ടത്തിൽ രേഖപ്പെടുത്തുന്നതും, രജിസ്ട്രാർ അംഗീകരിക്കുന്നതുമായ തുകയാണ് അംഗീകൃത മൂലധനം അഥവാ നാമമാത്ര മൂലധനം. കമ്പനികൾക്ക് തൽക്കാലം സംഭരിക്കാവുന്ന പരമാവധി തുകയാണിത്. ഇതിനെ രജിസ്ട്രേഡ് മൂലധനം എന്നു വിളിക്കുന്നു.

അംഗീകൃത മൂലധനത്തിൽ നിന്ന് ഉടനെ ആവശ്യമായ തുകയ്ക്കുള്ള ഓഹരികൾ വിൽപ്പനയ്ക്കായി വിപണിയിൽ പ്രസിദ്ധം ചെയ്യുന്നു. അതിനെയാണ് ഇഷ്യൂഡ് ക്യാപ്പിറ്റൽ എന്നു പറയുന്നത്. തൽക്കാലം ഇറക്കാതെ ബാക്കിവെയ്ക്കുന്ന മൂലധനത്തെ അൺ ഇഷ്യൂഡ് ക്യാപ്പിറ്റൽ എന്നു പറയുന്നു.

വിപണിയിൽ ഇറക്കുന്ന മുഴുവൻ ഓഹരികളും വാങ്ങാൻ പൊതുജനങ്ങൾ സന്നദ്ധരായെന്നു വരില്ല. എത്ര രൂപയുടെ ഓഹരികൾ വാങ്ങാമെന്ന് വാഗ്ദാനം ലഭിക്കുന്നുവോ, അതാണ് വാഗ്ദത്ത മൂലധനം അഥവാ സബ്സ്ക്രൈബ്ഡ് ക്യാപ്പിറ്റൽ.

വാഗ്ദത്ത മൂലധനം മുഴുവൻ പെട്ടെന്ന് അടച്ചുതീർക്കാൻ കമ്പനി ആവശ്യപ്പെടാറില്ല. മൊത്തം അടയ്ക്കാനുള്ള തുക പല ഗഡുക്കളായി അടച്ചുതീർത്താൽ മതിയാകും. അടയ്ക്കാനുള്ള ആഹ്വാനം യഥാകാലം കമ്പനി പുറപ്പെടുവിക്കുന്നതായിരിക്കും. ഇങ്ങനെ അടയ്ക്കുവാൻ ആഹ്വാനം ചെയ്യപ്പെട്ട മൂലധനത്തെ ആഹൂത മൂലധനം എന്നു പറയുന്നു. ഉദാഹരണം: 10 രൂപാ വിലയുള്ള 50000 ഓഹരികൾ. ഇതിൽ 6 രൂപാ വീതം അടയ്ക്കാൻ ആഹ്വാനം ചെയ്യുന്നു. അതായത്, ആകെ 50,000 x 6 = 3,00,000 രൂപ. ഇതാണ് കാൾഡ് അപ്പ് ക്യാപ്പിറ്റൽ അഥവാ ആഹൂത മൂലധനം. ഓരോ ഓഹരിയിലും 4 രൂപാ വീതം അടയ്ക്കാതെയുണ്ട്. അതായത്, ആകെ 4 x 50,000 = 2,00,000 രൂപ. ഈ തുകയെ അൺകാൽഡ് ക്യാപ്പിറ്റൽ എന്നു പറയാറുണ്ട്.

ഓഹരിയുടമകൾ വാഗ്ദത്ത മൂലധനത്തിൽ എത്ര ഭാഗം അടച്ചുതീർത്തുവോ, അതാണ് അടച്ചുതീർത്ത മൂലധനം അഥവാ പെയ്ഡ് അപ്പ് ക്യാപ്പിറ്റൽ.

പൊതുകമ്പനികൾ രണ്ടുതരത്തിലുള്ള ഓഹരികൾ മാത്രമേ ഇറക്കാൻ പാടുള്ളൂ.

1. പ്രിഫറൻസ് ഷെയർ
2. ഇക്വിറ്റി ഷെയർ

മറ്റു ഓഹരികൾക്കില്ലാത്ത ചില പ്രത്യേക അവകാശങ്ങളോടു കൂടിയ ഓഹരികളാണ് പ്രിഫറൻസ് ഷെയറുകൾ. വർഷംതോറും ലാഭവീതം ലഭിക്കുന്നതിലും, പിരിച്ചുവിടുമ്പോൾ മൂലധനം തിരിച്ചുകിട്ടുന്നതിലും ആണ് മുൻഗണന. ഇക്വിറ്റി ഷെയറിൽ ലാഭവീതം മുൻകൂട്ടി നിശ്ചയിക്കപ്പെടുന്നില്ല. പ്രിഫറൻസ് ഷെയറുകൾക്ക് കൊടുത്തശേഷം ബാക്കിയുണ്ടെങ്കിൽ മാത്രം ഇക്വിറ്റി ഷെയർ ഉടമകൾക്ക് കിട്ടും.

<u>ഓഹരി വിതരണം</u>

പ്രോസ്പെക്ടസിന്റെ അടിസ്ഥാനത്തിൽ കമ്പനിയിൽ ഷെയറുകളെടുക്കാൻ താല്പര്യപ്പെടുന്നവർക്ക് കമ്പനി അച്ചടിച്ച അപേക്ഷാഫാറങ്ങൾ അയച്ചുകൊടുക്കുന്നു. പൂരിപ്പിച്ച അപേക്ഷയോടൊപ്പം ഓഹരിയുടെ അഞ്ചു ശതമാനത്തിൽ അധികമല്ലാത്ത തുകയും ബാങ്കിൽ നിക്ഷേപിക്കേണ്ടതാണ്. ഈ അപേക്ഷകൾ പരിഗണിച്ച് അപേക്ഷകരുടെ ഇടയിൽ ഓഹരികൾ വിഭജിച്ച് വിതരണം ചെയ്യുന്ന നടപടിയാണ് ഷെയർ വിതരണം അഥവാ അലോട്ട്മെന്റ്. സാധാരണയായി ഡയറക്ടർബോർഡിനാണ് അലോട്ട്മെന്റ് ചെയ്യാനുള്ള അധികാരം നൽകുന്നത്. അപേക്ഷ ലഭിച്ചതിനുശേഷം ന്യായമായ സമയപരിധിക്കുള്ളിൽ അലോട്ട്മെന്റ് നടത്തണം. അലോട്ട്മെന്റ് സ്വതന്ത്രവും നിരുപാധികവും ആയിരിക്കണം.

<u>കമ്പനി ഭരണം</u>

കമ്പനിയുടെ ഭരണസമിതിയിലെ അംഗങ്ങളാണ് ഡയറക്ടർമാർ. കമ്പനി നിയമത്തിൽ 'ഡയറക്ടർ' എന്ന പദത്തിന് വ്യക്തമായൊരു നിർവ്വചനമില്ല 2-ാം വകുപ്പ് ഉപവകുപ്പിൽ 13-ൽ പറയുന്നത് ''ഡയറക്ടറുടെ പദവി വഹിക്കുന്ന ഏതു വ്യക്തിയും, അയാൾ എന്തു പേരിൽ അറിയപ്പെട്ടാലും ശരി, ഡയറക്ടർ എന്ന പദത്തിൽ ഉൾപ്പെടുന്നു'' എന്നാണ്. ഡയറക്ടർ വ്യക്തി തന്നെ ആയിരിക്കണമെന്നത് പ്രധാനമാണ്. കമ്പനിക്ക് ഒരു നൈയാമിക വ്യക്തിത്വം ഉണ്ടാകുമെങ്കിലും ഡയറക്ടറാകാൻ സാദ്ധ്യമല്ല. സ്വാഭാവിക വ്യക്തികൾക്ക് മാത്രമേ അതിന് യോഗ്യതയുള്ളൂ.

സാധാരണയായി ഒരു കമ്പനിയുടെ ദൈനംദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് ഡയറക്ടർബോർഡ് ആണ്. ബോർഡ് തീരുമാനിക്കുന്ന ഒരു ഉയർന്ന ഉദ്യോഗസ്ഥനായിരിക്കും ഡയറക്ടർമാർക്കു വേണ്ടി കമ്പനി ഭരണം നടത്തുന്നത്. പ്രസ്തുത ഉദ്യോഗസ്ഥനെ മാനേജർ എന്ന് പൊതുവെ പറയുന്നു. എന്നാൽ ഡയറക്ടർ തന്നെ മാനേജർ പദവിയിൽ പ്രവർത്തിക്കുമ്പോൾ അദ്ദേഹത്തെ മാനേജിംഗ് ഡയറക്ടർ എന്നു വിളിക്കുന്നു.

നമ്മുടെ രാജ്യത്ത് കമ്പനികളുടെ പ്രവർത്തനം നിയന്ത്രിച്ചുകൊണ്ടിരുന്നത് മാനേജിംഗ് ഏജന്റ്സ് എന്നൊരു വിഭാഗം ആയിരുന്നു. എന്നാൽ 1970 ഏപ്രിൽ 3-ാം തീയതി മുതൽ മാനേജിംഗ് ഏജൻസി സമ്പ്രദായം ഇന്ത്യയിൽ നിർത്തൽ ചെയ്തു.

252-ാം വകുപ്പനുസരിച്ച് ഒരു പൊതുകമ്പനിക്ക് ചുരുങ്ങിയത് മൂന്ന്, ഒരു സ്വകാര്യ കമ്പനിക്ക് ചുരുങ്ങിയത് രണ്ട് ഡയറക്ടർമാർ ഉണ്ടായിരിക്കണം.

പരിശോധനയും അന്വേഷണവും

കമ്പനി നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുപോരുന്ന വ്യവസായ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ ക്രമക്കേടുകളും കണക്കിൽ കൃത്രിമവും ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കേന്ദ്രസർക്കാരിന് അധികാരം ഉണ്ട്. ആവശ്യമായ പരിശോധകരെ നിയമിച്ച് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന രീതിയിലുള്ള കമ്പനി ഭരണം ഉറപ്പുവരുത്തുവാനുള്ള അധികാരങ്ങൾ നിയമം മൂലം സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നു.

ഇതനുസരിച്ച് ഇൻസ്പെക്ടർമാരെ കമ്പനിക്കെതിരെ ലഭിക്കുന്ന ആക്ഷേപങ്ങളെ പരിശോധനയ്ക്കായി കേന്ദ്രസർക്കാർ നിയമിച്ചിട്ടുണ്ട്. താഴെപ്പറയുന്ന വ്യക്തികളെ പ്രതിനിധീകരിച്ചു ലഭിക്കുന്ന ആക്ഷേപങ്ങളെ ഇൻസ്പെക്ടർക്ക് പരിശോധിക്കാവുന്നതാണ്.

1. മൂലധനത്തെ ഓഹരികളായി അംശിച്ചിരിക്കുന്ന ഒരു കമ്പനിയുടെ ഇരുന്നൂറിൽ കുറയാത്ത അംഗങ്ങൾ കമ്പനിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ആക്ഷേപം ഉന്നയിക്കുകയോ, പ്രസ്തുത കമ്പനിയിലെ മൊത്തം വോട്ടവകാശത്തിൽ പത്തിൽ ഒന്ന് കൈവശമുള്ള അംഗങ്ങൾ പരിശോധനയും അന്വേഷണവും നടത്തണമെന്ന്.
2. മൂലധനത്തെ ഓഹരികളായി അംശിച്ചിട്ടില്ലാത്ത കമ്പനികളിൽ, കമ്പനിയുടെ അംഗത്വ രജിസ്റ്ററനുസരിച്ചുള്ള മൊത്തം അംഗങ്ങളിൽ അഞ്ചിൽ ഒന്ന് പേർ ഒരന്വേഷണത്തിനു വേണ്ടി അപേക്ഷ സമർപ്പിക്കുമ്പോൾ.
3. 235-ാം വകുപ്പനുസരിച്ച് കമ്പനി രജിസ്ട്രാറുടെ നിഗമനത്തിൽ 234 വകുപ്പിലെ ഉപവകുപ്പ് 6, 7 എന്നിവ പ്രകാരം ഒരന്വേഷണം ആവശ്യമാണെന്ന് കേന്ദ്രസർക്കാരിനെ ബോദ്ധ്യപ്പെടുത്തുമ്പോൾ.
4. കമ്പനി ഒരു പ്രത്യേക പ്രമേയത്തിൽ കൂടി അന്വേഷണത്തിനു വേണ്ടി അപേക്ഷിക്കുമ്പോൾ.
5. കോടതിയിൽ നിന്ന് ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ.

കമ്പനികളുടെ നടത്തിപ്പിനെക്കുറിച്ച് അന്വേഷിക്കുന്നതിനും പരിശോധിക്കുന്നതിനും വേണ്ടി കേന്ദ്രസർക്കാർ നേരിട്ടും ഇൻസ്പെക്ടർമാരെ നിയമിക്കാറുണ്ട്.

RNI No. 68089 / 97
2004 September 1

# THE DEFENDER

REGISTERED
KL/CR/ALY/221/2003-05

## ത്രില്ലർ മാസികയ്ക്ക് പ്രചാരം ഏറുന്നു

പെന്തക്കോസ്ത് നേതാക്കളായ കെ.സി.ജോൺ, മാത്യൂസ് ചാക്കോ, ടി.എസ്.ഏബ്രഹാം, വൽസൻ ഏബ്രഹാം തുടങ്ങിയവരുടെ തട്ടിപ്പുകൾ വിവരിക്കുന്ന ലേഖനലുമായി പുറത്തിറങ്ങിയ ത്രില്ലർ മാസികയ്ക്ക് നല്ല പ്രചാരം ലഭിച്ചതായി അറിയുന്നു. തിരുവല്ലയിൽ ഈ മാസിക ചൂടപ്പം പോലെയാണ് വിറ്റുപോയത്.

അനാഥക്കുട്ടികളുടെ ചിത്രം ഇന്റർനെറ്റിൽ കൊടുത്ത് സായിപ്പൻമാരെ കബളിപ്പിച്ച് പണമുണ്ടാക്കി ടി.എസ്.ഏബ്രഹാമും മകൻ വൽസൻ ഏബ്രഹാമും കൂടി നടത്തുന്ന തട്ടിപ്പുകളേക്കുറിച്ച് ത്രില്ലർ മാസികയിൽ വിദമായ ലേഖനമുണ്ട്. അതുപോലെ ചാനലിന്റെ പേരിൽ കെ.സി.ജോണും മാത്യൂസ് ചാക്കോയും ചേർന്നു നടത്തുന്ന തട്ടിപ്പുകളുടെ യഥാർത്ഥ ചിത്രവും ഈ മാസികയിലുണ്ട്. ഏതാനും വർഷം മുൻപ് ഹിന്ദുവിശ്വ, മസ്ദൂർ ഭാരതി, ആത്മാഭിമാനി തുടങ്ങിയ പ്രസി ദ്ധീകരണങ്ങൾ പെന്തക്കോസ്തിലെ അഴിമതിക്കെതിരെ പ്രതികരിച്ചിരുന്നു.

പെന്തക്കോസ്തിൽ നടക്കുന്ന അഴിമതിയേക്കുറിച്ച് ഡിഫെൻഡർ പ്രതികരിക്കാൻ തുടങ്ങിയതോടെയാണ് സത്യം പോതുജനം അറിഞ്ഞത്. പെന്തക്കോസ്തിലെ അരമന രഹസ്യങ്ങൾ അങ്ങനെ അങ്ങാടിപ്പാട്ടായി. അതിന്റെ പ്രതികാരമായാണ് റ്റി.എസ്.ബാലനെതിരെ കള്ളക്കേസ്സ് ഉണ്ടാക്കിയത്.

ആത്മീയതയുടെ മറവിൽ നടക്കുന്ന കൊള്ള പുറത്തുള്ളവർ സാധാരണയായി അറിയാറില്ല. അതുകൊണ്ട് പത്രമാസികകളിൽ പെന്തക്കോസ്തിലെ അഴുമതികളേക്കുറിച്ച് വാർത്തകൾ വരാറുമില്ല. പെന്തക്കോസ്തിലെ കള്ളൻമാർക്ക് ഇതൊരു പാഠമായി. എന്തു തോന്ന്യാസവും നടത്താൻ അവർക്ക് മടിയില്ലാതായത് ഇങ്ങനെയാണ്.

കുളത്തൂപ്പുഴ സംഭവമാണ് ആദ്യമായി പുറത്തായത്. അഞ്ചു ലക്ഷം രൂപ കൊടുക്കാമെന്നു പറഞ്ഞ് ആ പെൺകുട്ടിയെ ചതിച്ചിട്ട് അയ്യായിരം രൂപ കൊടുത്ത് കബളിപ്പിക്കയായിരുന്നു. സംഭവം പുറത്തായതോടെ ഒന്നരലക്ഷം രൂപകൂടി കൊടുത്ത് പ്രശ്നം ഒതുക്കിത്തീർത്തു. ഇങ്ങനെ ലഭിച്ച പണം ഉപയോഗിച്ചാണ് രണ്ടു വർഷം മുൻപ് ആ പെണഅ്കുട്ടിയുടെ വിവാഹം നടന്നത്. ഒരു ഐ.പി.സി. പാസ്റ്ററാണ് കുളത്തൂപ്പുഴക്കാരിയെ കല്യാണം കഴിച്ചിരിക്കുന്നത്. വള്ളംകുളം പ്രശ്നവും ഇതുപോലെ പുറത്താകാനാണ് സാദ്ധ്യത. ഏതായാലും മതേതര പത്രമാസികകൾക്ക് പേജുകൾ നിറയ്ക്കാൻ ചൂടുള്ള വിഭവങ്ങൾ പെന്തക്കോസ്തിൽ കിട്ടും.

## കൂട്ടുകൃഷി തുടരുന്നു

വാൽക്കുളമ്പിലെ വിശുദ്ധൻ കൂട്ടുകൃഷി പൂർവ്വാധികം ഭംഗിയായി തുടരുന്നു. ശാരോൻ നേതാക്കൻമാർ എല്ലാവിധ പിൻതുണയും നൽകുകയും ചെയ്യുന്നു. ഡിഫെൻഡർ ഉണ്ടാക്കുന്ന ശല്യം മാത്രമാണ് ഏക പ്രശ്നം.

കൂട്ടുകൃഷിയേക്കുറിച്ച് ഡിഫെൻഡറിൽ വാർത്ത വന്നതോടെ ഈ ചങ്ങാതിക്ക് അല്പം മന:പ്രയാസമൊക്കെ ഉണ്ടായി. ഡിഫെൻഡർ സഭായോഗത്തിൽ പ്രദർശിപ്പിച്ച് ഒരു പ്രസംഗവും നടത്തി. കൂടാതെ, ഡിഫെൻഡറിനെതിരെ കുറെ പ്രചരണവും നടത്തി. കൂട്ടുകൃഷിക്കഥയും പണ്ട് ശുശ്രൂഷ ചെയ്ത സഭയിൽ നടത്തിയ കലാപരിപാടികളും മറ്റും ഡിഫെൻഡറിന്റെ ഭാവനാസൃഷ്ടിയാണെന്നത്രേ ഇദ്ദേഹം പ്രചരിപ്പിക്കുന്നത്. ഇതൊക്കെ വിശ്വസിക്കാനും ആളുള്ളതുകൊണ്ട് മാന്യദേഹം ഇപ്പോഴും വാൽക്കുളമ്പിൽ സസുഖം കഴിഞ്ഞു കൂടുന്നു.

ജാത്യാലുള്ളത് തൂത്താൽ മാറില്ല എന്നാണല്ലോ പഴഞ്ചൊല്ല്. ദുർന്നടപ്പ് ജൻമസിദ്ധമായുള്ള ഈ വിശുദ്ധന് ഡിഫെൻഡർ എഴുതിയതുകൊണ്ടൊന്നും മാനസാന്തരം ഉണ്ടാകില്ല. ഇതിലും വലിയ പാപം ചെയ്തു ജീവിക്കുന്ന ശാരോൻ നേതാക്കൻമാരുള്ളപ്പോൾ ഇദ്ദേഹത്തിന് പേടിക്കേണ്ട കാര്യവുമില്ലല്ലോ.

## അപ്പച്ചൻ വിവരം അറിഞ്ഞിട്ടില്ല

അപ്പച്ചൻ സംഗതി അറിഞ്ഞിട്ടില്ല. മക്കൾ അറിയിച്ചില്ല എന്നു പറയുകയാകും ശരി. പൂച്ച പുറത്തായി എന്നറിഞ്ഞാൽ അപ്പച്ചന് വല്ല ഹൃദയ സ്തംഭനവും ഉണ്ടായെങ്കിലോ.

കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ അപ്പച്ചന്റെ തമാശയേക്കുറിച്ച് എഴുതിയ ലേഖനത്തേക്കുറിച്ചാണ് പറഞ്ഞു വരുന്നത്. അപ്പച്ചന്റെ ചെങ്ങന്നൂർ യാത്രയും അനുബന്ധ വിഷയങ്ങളും ഡിഫെൻഡർ അറിഞ്ഞ കാര്യം അപ്പച്ചൻ ഇതുവരെ അറിഞ്ഞിട്ടില്ല. ഡിഫെൻഡറിൽ വാർത്ത വന്ന കാര്യവും മാന്യദേഹത്തിനറിഞ്ഞുകൂടാ. പൂച്ച പാലു കുടിയ്ക്കുന്നതുപോലെ കണ്ണടച്ചായിരുന്നല്ലോ എല്ലാം ചെയ്തു കൂട്ടിയത്. എങ്കിലും നാട്ടുകാർ ഇടപെട്ട് പ്രശ്നം ഗുരുതരമാക്കിയപ്പോൾ രക്ഷിക്കാൻ വള്ളംകുളംകാരനെത്തി. അതുകൊണ്ട് തടി കേടാകാതെ രക്ഷപ്പെട്ടു.

അന്ന് അപ്പച്ചൻ വള്ളംകുളംകാരന് ഒരു വാക്കു കൊടുത്തു. പത്തു സെന്റ് സ്ഥലവും മൂന്നുലക്ഷം രൂപയും കൊടുക്കാം. ചെങ്ങന്നൂർ സംഭവം ആരും അറിയരുതെന്നു മാത്രം. പക്ഷേ, ആ വാക്ക് നളിതുവരെ പാലിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് സംഗതി കുറേശ്ശയായി ലീക്ക് ചെയ്തുകൊണ്ടിരിക്കുകയാണ്. അരമന രഹസ്യം അങ്ങാടിപ്പാട്ടായിക്കൊണ്ടിരിക്കുന്നു എന്നു ചുരുക്കം.

മിണ്ടാതിരുന്നാൽ പ്രശ്നം ആറിത്തണുക്കുമെന്നാണ് മക്കളുടെ വിചാരം. അതുകൊണ്ടാണ് അവർ ഇതൊന്നും അറിയാത്ത ഭാവം നടിക്കുന്നത്. പക്ഷേ കിട്ടാനുള്ളത് കിട്ടാതെ വള്ളംകുളംകാരൻ അടങ്ങുമെന്ന് തോന്നുന്നില്ല. വാക്കു പാലിച്ചില്ലെങ്കിൽ എല്ലാം തുറന്നടിക്കും എന്നാണ് അദ്ദേഹം പറയുന്നത്.

കുചത്തൂപ്പുവ സംഭവം മൂലം ഉണ്ടായ നാണക്കേട് ഇതുവരെ മാറിയിട്ടില്ല. അങ്ങനെയൊരു സംഭവമേ ഉണ്ടായിട്ടില്ല എന്ന് പറഞ്ഞു നടക്കുന്നുണ്ടെങ്കിലും മാലോകരൊക്കെ സത്യം അറിഞ്ഞു കഴിഞ്ഞതുകൊണ്ട് നുണകൊണ്ട് ഫലം ഉണ്ടാകുന്നില്ല. അതിലും കഷ്ടമാകും ചെങ്ങന്നൂർ സംഭവം. കാരണം, ഇതിന് ദൃക്സാക്ഷികൾ വളരെയുണ്ട്. തങ്ങൾ കണ്ടതെന്താണെന്ന് അവർ വിവരിച്ചാൽ അപ്പച്ചൻ കുഴയും. അതിന് ഇടയാക്കാതിരിക്കയാണ് ബുദ്ധി എന്ന് അപ്പനും മക്കളും അറിഞ്ഞാൽ നന്ന്.

## പി.എം.ജോൺ പുത്രന് പഞ്ചാബി മണവാട്ടി

പി.എം.ജോണിന്റെ പുത്രന് പഞ്ചാബിൽ നിന്നൊരു കല്യാണം ഉറച്ചു. ഭാഗ്യം. എത്ര കഷ്ടപ്പെട്ടിട്ടാണ് ഇത്രയും ഒപ്പിച്ചെടുത്തതെന്ന് പി.എം.ജോണിനല്ലേ അറിയൂ.

റ്റി.എസ്.ബാലനെതിരെ ഒപ്പിട്ടപ്പോൾ തുടങ്ങി പി.എം.ജോണിന്റെ കഷ്ടകാലം. സെക്രട്ടറി എന്ന പെരിൽ ഒപ്പിട്ടപ്പോൾ അത് ഇത്ര വലിയ പുലിവാലാകും എന്ന് കരുതിയിരുന്നില്ല. സാധാരണ പാസ്റ്റർമാരേപ്പോലെ റ്റി.എസ്. ബാലനും തെണ്ടി കുത്തുപാള എടുത്തുകൊള്ളുമെന്നും അതോടെ പ്രശ്നം അവസാനിക്കും എന്നും ആയിരുന്നു പി.എം.ജോൺ കരുതിയത്. പക്ഷേ, പ്രതീക്ഷിച്ചതുപോലെയല്ല കാര്യങ്ങൾ നടന്നത്. ബാലൻ ഒതുങ്ങിയില്ലെന്നു മാത്രമല്ല ശക്തമായി തിരിച്ചടിക്കുകയും ചെയ്തു. പി.എം.ജോണിന്റെ ഭാര്യയുടേയും മകന്റേയും വീര ശൂര പരാക്രമങ്ങൾ മാലോകർ അറിഞ്ഞു. അതോടെ ആകെ നാണക്കേടായി.

ശാരോന്റെ വെറും സെക്രട്ടറി എന്ന നിലയിൽ നിന്ന് വളരാമെന്നും ഭാവിയിൽ ജനറൽ സെക്രട്ടറി, പ്രസിഡന്റ് തുടങ്ങിയ നിലകളിൽ എത്താമെന്നും ഒക്കെ സ്വപ്നം കണ്ടാണ് ബാലനെതിരെ ഒപ്പിട്ടത്. ടി.പി.ഏബ്രഹാം എന്ന വിരുകൻ പി.എം.ജോൺ എന്ന കുട്ടിക്കരങ്ങനേക്കൊണ്ട് ചൂടുചോറ് വാരിക്കയായിരുന്നു എന്ന് പിന്നീടാണ് മനസ്സിലായത്. സെക്രട്ടറിയെന്ന പെരിൽ മറ്റൊരൊപ്പുപോലും പാവം പി.എം.ജോൺ പിന്നീട് ഇട്ടിട്ടില്ല. ബാലനെതിരെയുള്ള ഒറ്റ ഒപ്പുകൊണ്ടു തീർന്നു പി.എം.ജോണിന്റെ സെക്രട്ടറി ഉദ്യോഗം.

ബാലൻ പിണങ്ങിയതോടെ കാര്യം കുഴപ്പത്തിലായി. മാനനഷ്ടക്കേസ് കൊടുക്കും എന്ന് ഭീഷണിപ്പെടുത്തി ബാലന് ഒരു നോട്ടീസ് അയച്ചെങ്കിലും ഫലിച്ചില്ല. മാനം ഉണ്ടെങ്കിൽ മാത്രമേ മാനനഷ്ടം ഉണ്ടാകൂ എന്ന് ബോദ്ധ്യമായതാണ് പ്രശ്നം. ബാലൻ എഴുതിയ കാര്യങ്ങളൊക്കെ സത്യമാകയാൽ മാനനഷ്ടക്കേസ്സ് കൊടുത്താൽ ഉള്ള മാനവുംകൂടി പോകുമെന്ന് പി.എം.ജോണിന് മനസ്സിലായി.

മകന് ഒരു കല്യാണം ആലോചിക്കാൻ തീരുമാനിച്ചപ്പോഴാണ് പ്രശ്നത്തിന്റെ ഗൗരവം മനസ്സിലായത്. സ്വന്തം പേരും വിലാസവും വെച്ച് പരസ്യം കൊടുത്താൽ ബാലൻ വിവരം അറിയും. എന്താണ് ഒരു പോംവഴി? വളരെ ആലോചിച്ചശേഷം ഒരു വിദ്യ കണ്ടുപിടിച്ചു. ചിസബന്ധുക്കളുടെ ഫോൺ നമ്പർ മാത്രം വെച്ച് പരസ്യം കോടുക്കുക. അങ്ങനെ ഗുഡ്ന്യൂസിൽ പരസ്യം കൊടുത്തു. പക്ഷേ, ബാലൻ അതു കണ്ടുപിടിച്ചു. ആകെ നാണക്കേടായി.

കേരളക്കരയിൽ നിന്ന് മകന് പെണ്ണു കിട്ടാൻ ബുദ്ധിമുട്ടാണെന്നു മനസ്സിലാക്കിയ പി.എം.ജോൺ അന്വേഷണം കേരളത്തിനു പുറത്തേക്കു നീട്ടി. അങ്ങനെയാണ് പഞ്ചാബിൽ ഒരു പെണ്ണിനെ കണ്ടെത്തിയത്.

STUDY ON PRAYER
MP3 Format :: 15 hours Read by Text Reader

Subjects:

1. The soul of Prayer : P.T. Forsyth
2. How to pray : R.A. Torrey
3. Power & Prayer : E.M.Bounds
4. Necessity of Prayer : E.M.Bounds
5. On Prayer : Charls Finny

**Price: Rs. 100/- only (by M.O)**
C.D. is sent by courier service only.
Send orders with M.O., mentioning your phone number and nearest courier, to:

**The Defender,**
**Near: KSRTC, Perumbavoor P.O.,**
**Ernakulam Dist. Kerala - Pin. 683542**
**Phone: 0484-2592249, 94474-14608**

വണ്ടിയുടെ ഗ്ലാസ് തല്ലിപ്പൊളിക്കേണ്ട

താക്കോൽ ഉള്ളിൽ വച്ച് നിങ്ങളുടെ വാഹനം പൂട്ടിപ്പോയി. എങ്ങനെ അത് തുറക്കും? വിവരം പെരുമ്പാവൂരിലെ ചാവിക്കടയിൽ അറിയിച്ചാൽ, (വാഹനം നിങ്ങളുടേതാണെന്ന് ബോദ്ധ്യപ്പെടുത്തിയാൽ), രണ്ടു മിനിറ്റുകൊണ്ട് കാര്യം സാധിക്കാം

**ചാവിക്കട**
ഫെഡറൽ ബാങ്കിന് എതിർവശം
പെരുമ്പാവൂർ
ഫോൺ: 9447149309
സമയം: 9 AM to 9 PM.
ഞായറാഴ്ചയും പ്രവർത്തിക്കും

റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ സി.ഡി. റോമിൽ

13 പ്രസംഗങ്ങൾ. 13 മണിക്കൂർ ദൈർഘ്യം MP 3 ഫോർമാറ്റ്. വില 100 രൂപ മാത്രം പോസ്റ്റേജ് സൗജന്യം. വില എം.ഒ. അയക്കുക. കൊറിയർ സർവ്വീസിലൂടെയാണ് സി.ഡി. അയക്കുന്നത്. അതു കൊണ്ട് നിങ്ങളുടെ ഫോൺ നമ്പർ, നിങ്ങൾക്ക് ഏറ്റവും സൗകര്യപ്രദമായ കൊറിയർ സർവ്വീസിൻെറ പേര് എന്നിവ മണിയോർഡർ കൂപ്പണിൽ എഴുതുക.

കൂടുതൽ വിവരങ്ങൾക്ക്:
എഡിറ്റർ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ. 683542
ഫോൺ: **0484-2592249,** 9447414608

## ഡിഫെൻഡർ സൗജന്യമായി ലഭിക്കയില്ല

ഡിഫെൻഡർ സൗജന്യമായി ലഭിക്കുമെന്ന ധാരണയിൽ നിരവധി ആളുകൾ കത്തയക്കാറുണ്ട്. ഇത്തരം കത്തുകൾക്ക് ഡിഫെൻഡർ ഓഫീസിൽ നിന്ന് മറുപടിപോലും ലഭിക്കയില്ല എന്ന് അറിയിക്കട്ടെ. മാസത്തിൽ ഒരിക്കൽ നാലു പേജ് പ്രസിദ്ധീകരിച്ചിരുന്ന കാലത്ത് ഡിഫെൻഡർ തികച്ചും സൗജന്യമായി നൽകുവാൻ കഴിയുമായിരുന്നു. എന്നാൽ ഇപ്പോൾ അതല്ല സ്ഥിതി. അതുകൊണ്ട് ഡിഫെൻഡർ ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ 100 രൂപ വാർഷിക വരിസംഖ്യ നൽകേണ്ടതാണ്. വരിസംഖ്യ മണിയോർഡറായി അയയ്ക്കുക. വിലാസം രണ്ടാം പേജിൽ.

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan